# ക്രൈസ്തവ വനിത

January - February 2023



A fundamental Christian bi-monthly publication of the women, by the women, for the family

2023
January - February

Volume XVI
Issue 1

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| മുന്നറിയിപ്പുകൾ അവഗണിച്ചാൽ! | മേരി അഞ്ചൻ | 1 |
| അധർമ്മമൂർത്തിയായ സാത്താൻ | എൽസി ബേബി | 3 |
| നമ്മുടെ പ്രശംസ | ജോയമ്മ സാംസൺ | 5 |
| മക്കളുടെ കാൽവയ്പുകൾ... | എൽസി തോമസ് | 8 |
| കൊട്ടാരത്തിൽ നിന്നു ... | അന്നമ്മ സി. ജോൺ | 11 |
| ദാവീദിനു കിട്ടിയ പതിനായിരം | ജെസി ബെൻസെൻ | 13 |
| ദൈവത്തിന്റെ വടിയായിത്തീർന്ന... | തങ്കമ്മ സാം | 15 |
| സ്നേഹമാണഖിലസാരമൂഴിയിൽ | ഡോ. കുഞ്ഞുമോൻ ചാക്കോ | 18 |
| പ്രശ്നസാദ്ധ്യതാ മേഖലകൾ | ഡോ. ഉമ്മൻ ഫിലിപ്പ് | 21 |
| ശൂനേംകാരത്തിയും ശൂലമിയും | ജോർജ് ജോൺ | 24 |
| Quest 87 | | Cover Back |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**

*For private circulation only*

Editorial Board
Founder Editor
Annamma Charles John
Chief Editor
Mrs. Mary Anchan
Associate Editor
Mrs. Sherine Kingston
Sub Editor
Mrs. Sobha Selin

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

*Editorial*



# മുന്നറിയിപ്പുകൾ അവഗണിച്ചാൽ!

ന്യൂയോർക്കിൽ ജീവിച്ചിരുന്ന ഒരു മനുഷ്യന്റെ ദീർഘകാല അഭിലാഷമായിരുന്നു ഒരു ബാരോമീറ്റർ (കാലാവസ്ഥ വ്യതിയാനങ്ങളെ രേഖപ്പെടുത്തുന്ന യന്ത്രം) വാങ്ങിക്കയെന്നത്. ഏറ്റവും വില കൂടിയ ബാരോമീറ്റർ വാങ്ങി, വീട്ടിലെത്തി പാക്കറ്റ് അഴിച്ചു നോക്കിയപ്പോൾ Hurricane (ചുഴലിക്കാറ്റ്) എന്നായിരുന്നു സൂചി കാട്ടിയിരുന്നത്. അത് പൂജ്യത്തിലേക്ക് (Normal) മാറ്റുന്നതിന് അയാൾ വളരെ ശ്രമിച്ചെങ്കിലും സാധിച്ചില്ല. അയാൾ കുപിതനായി, കേടുള്ള ബാരോമീറ്റർ തനിക്കു വിറ്റ കടയുടമസ്ഥന് വികാരാവേശത്തോടെ ഒരു കത്തെഴുതി. പിറ്റേന്ന് ജോലി സ്ഥലത്തേക്കുപോയ വഴി ആ കത്ത് പോസ്റ്റു ചെയ്തു. തന്റെ കോപത്തിന് അല്പം ശമനമുണ്ടായി!

ജോലി കഴിഞ്ഞ് വൈകുന്നേരം മടങ്ങി വന്നപ്പോൾ ബാരോമീറ്റർ മാത്രമല്ല തന്റെ ഭവനവും അപ്രത്യക്ഷമായിരുന്നു! അതിഭീകരമായ ചുഴലിക്കാറ്റിൽ സകലതും നശിച്ചു പോയിരുന്നു. ബാരോമീറ്റർ ശരിയായ കാലാവസ്ഥ ആയിരുന്നു കാണിച്ചിരുന്നത്. അയാൾ വിശ്വസിച്ചാലും ഇല്ലെങ്കിലും സംഭവിപ്പാനുണ്ടായിരുന്നത് സംഭവിച്ചു. പലപ്പോഴും നമ്മുടെ ജീവിതത്തിലും മുന്നറിയിപ്പുകൾ അവഗണിച്ച് കഷ്ടനഷ്ടങ്ങൾക്ക് അധീനരായിട്ടില്ലേ?

മുന്നറിയിപ്പ് അവഗണിച്ച് നശിച്ചു പോയ പലരേയും കുറിച്ച് തിരുവചനം രേഖപ്പെടുത്തിയിട്ടുണ്ട്. ദുഷ്ടത പെരുകിക്കൊണ്ടിരുന്ന ഒരു കാലയളവിലായിരുന്നു "നീതിപ്രസംഗി" യായ നോഹ ജീവിച്ചിരുന്നത്. യഹോവയായ ദൈവം മനുഷ്യനെ സൃഷ്ടിച്ചതിനാൽ അനുതപിച്ചു എന്നു നാം വായിക്കുന്നു (ഉൽപത്തി. 6:6). ഭൂമിയിൽ നിന്നും മനുഷ്യനെ ഒരു ജലപ്രളയത്താൽ നശിപ്പിക്കുവാൻ തീരുമാനിച്ചു. എന്നാൽ ദൈവത്തോടുകൂടെ നടന്ന (വാ.10) നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു. അതി ബൃഹത്തായ ഒരു പെട്ടകം നിർമ്മിക്കാനുള്ള ദൗത്യം നോഹയ്ക്കു നല്കി. അതിനുള്ളിൽ പ്രവേശിച്ച മനുഷ്യരും ജീവജാലങ്ങളും ജലപ്രളയത്തിൽ നിന്ന് രക്ഷപ്പെട്ട് ജീവിതം തുടരാനുള്ള പദ്ധതി ദൈവം രൂപീകരിച്ചു. പെട്ടകനിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് നോഹ അനേക വർഷക്കാലം പ്രവർത്തിച്ചു. മാത്രമല്ല അങ്ങനെ ദീർഘകാലം നോഹ പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്തു. അന്നുവരെ യഹോവയായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല (ഉൽപ. 2:5). വരാനുള്ള പ്രളയത്തിൽ നിന്ന് രക്ഷപ്പെടാൻ പെട്ടകം പണിതുകൊണ്ടിരുന്ന നോഹയുടെ അടുത്ത് ജനങ്ങൾ തടിച്ചു കൂടി. ജലപ്രളയം മൂലം ഉണ്ടാകുന്ന ന്യായവിധിയെക്കുറിച്ചും അതിനുള്ളിൽ പ്രവേശിക്കുന്നവർക്ക് ലഭ്യമാകുന്ന രക്ഷയെക്കുറിച്ചും ജനങ്ങൾക്ക് മുന്നറിയിപ്പു നല്കിയ നോഹ പരിഹാസപാത്രമായി.

120 വർഷക്കാലം നോഹ പ്രസംഗിച്ചെങ്കിലും അവിശ്വാസികളും ദുഷ്ടരുമായിരുന്ന ആ തലമുറ അവനെ വിശ്വസിച്ചില്ല. അവന്റെ മുന്നറിയിപ്പുകൾക്ക് വില നല്കിയത് അവന്റെ ഭാര്യയും മൂന്നു പുത്രന്മാരും അവരുടെ ഭാര്യമാരും മാത്രമായിരുന്നു. അവർ ജലപ്രളയമെന്ന ന്യായവിധിയിൽ നിന്ന് രക്ഷപ്പെട്ടു. ഭൂമിയിൽ നാല്പതു ദിവസം ജലപ്രളയം ഉണ്ടായി. പെട്ടകത്തിനുള്ളിൽ പ്രവേശിച്ച മനുഷ്യരും, മറ്റുജീവജാലങ്ങളും മാത്രം രക്ഷപ്പെട്ടു. ജീവശ്വാസമുണ്ടായിരുന്ന സകലതും നശിച്ചു പോയി.

സോദോം ഗൊമോറയുടെ നിർമ്മൂലനത്തിനു മുമ്പു ദൈവം ലോത്തിനു മുന്നറിയിപ്പു നല്കി. തന്റെ മരുമക്കൾ പോലും തന്നെ വിശ്വസിച്ചില്ല, നശിച്ചുപോയി. ലോത്തും കുടുംബവും സോദോം വിട്ടു പുറപ്പെടുവാൻ താമസിച്ചപ്പോൾ ദൂതന്മാർ അവരുടെ കൈക്കു പിടിച്ച് പട്ടണത്തിന്റെ പുറത്തേക്ക് കൊണ്ടുപോയി. ജീവരക്ഷയ്ക്കായി നിങ്ങൾ ഓടിപ്പോകുക. "പുറകോട്ട് നോക്കരുത്" എന്ന മുന്നറിയിപ്പു നല്കി. എന്നാൽ ലോത്തിന്റെ ഭാര്യ താൻ വിട്ടുപോകുന്ന സൗഭാഗ്യങ്ങളെ ഓർത്തുകൊണ്ട് തിരിഞ്ഞുനോക്കി ഉപ്പുതൂണായി ഭവിച്ചു. മുന്നറിയിപ്പിനെ അവഗണിച്ച സോദോം നിവാസികൾ ആകാശത്തുനിന്ന് തീയും ഗന്ധകവും പെയ്ത് നിർമ്മൂല നാശം വരികയാണ് ചെയ്തത്. പുതിയനിയമത്തിൽ യേശു കർത്താവ് തന്റെ ശിഷ്യന്മാരെ ഉപദേശിക്കുമ്പോൾ ലോത്തിന്റെ ഭാര്യയെ ഓർത്തുകൊള്ളുവിൻ എന്ന് ഓർപ്പിക്കുന്നതായി കാണാം (ലൂക്കൊ. 17:32).

ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യന് ദൈവം നിയമിച്ചിരിക്കുന്നു (എബ്രാ. 9:27) ആദിമനുഷ്യനായ ആദാമിൽ കൂടെ പാപവും പാപത്തിന്റെ ശമ്പളമായ മരണവും ലോകത്തിൽ പ്രവേശിച്ചു. നീതിമാൻ ആരുമില്ലാത്തതിനാൽ ന്യായവിധി സകലർക്കും നിയമിച്ചിരിക്കുന്നതാണ്. ദൈവപുത്രനായ യേശുക്രിസ്തു നരാവതാരം ചെയ്ത് ഈ ലോകത്തിൽ വന്ന് നമ്മുടെ പാപച്ചുമടു വഹിച്ചുകൊണ്ട് ക്രൂശിന്മേൽ നമുക്കായി പ്രാണനെ വെടിഞ്ഞു. ഈ സത്യം ഗ്രഹിക്കുകയും കർത്താവിനെ സ്വന്തരക്ഷകനായി ഹൃദയത്തിൽ അംഗീകരിക്കുകയും ചെയ്ത് നിത്യജീവന് അവകാശികളായിത്തീരാം. മനുഷ്യർ വിവിധ മാർഗ്ഗങ്ങളിൽ കൂടെ ദൈവത്തെ അന്വേഷിക്കുന്നു. എന്നാൽ ഒരേ ഒരു മാർഗ്ഗം മാത്രമേ ഉള്ളൂ. ''ഞാൻ തന്നെ വഴിയും, സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്നു യേശുക്രിസ്തു പ്രസ്താവിച്ചിരിക്കുന്നു (യോഹ. 14:6). മാനസാന്തരത്തിനുള്ള സമയം ഇപ്പോഴാണ്. നാളേക്കു മാറ്റിവച്ച പലർക്കും ആ സന്ദർഭം ലഭിക്കുന്നതിനു മുമ്പ് ഈ ലോകം വിട്ടു പോകേണ്ടതായി വന്നിട്ടുണ്ട്. ''ഇപ്പോഴാകുന്ന സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം ( 2 കൊരി 6:2). നാളെ എന്നൊരു സന്ദർഭം നമുക്കു ലഭിച്ചെന്നു വരികയില്ല. അതിനാൽ നമുക്കു ലഭിച്ചിരിക്കുന്ന മുന്നറിയിപ്പുകളെ അവഗണിക്കാതിരിപ്പാൻ കർത്താവു കൃപ നല്കട്ടെ.

"...ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?'' (എബ്രാ.2:4)

**മേരി അഞ്ചൻ (തുംകൂർ)**
ചീഫ് എഡിറ്റർ

## ക്വസ്സ് 86 – ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ലീലാമ്മ ഇസാക്കി, കൊല്ലം
2. ബ്ലെസി കെ. ശാമുവേൽ, പത്തനംതിട്ട
3. നിഷാ മാത്യു, ചാത്തന്നൂർ, കൊല്ലം
4. ആശ പീറ്റർ, അയംകുടി, കോട്ടയം
5. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
6. സി.എം.മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
7. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
8. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
9. ജോയമ്മ സാംസൺ, കൊല്ലം
10. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
11. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
12. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
13. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
14. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി
15. ശോശാമ്മ അബ്രഹാം, മലപ്പുറം
16. ബീനാ സുരേഷ്, കരകുളം, തിരുവനന്തപുരം
17. സൂസൻ തോമസ് (വിലാസം ലഭ്യമല്ല).

***ക്വസ്സ് 86 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ***

**ക്വിസ് മാസ്റ്റർ**

# അധർമ്മമൂർത്തിയായ സാത്താൻ

എൽസി ബേബി, ന്യൂയോർക്ക്



സകല നന്മകളുടേയും സത്വരൂപം സർവ്വശക്തനായ ദൈവമാണെങ്കിൽ സർവ്വതിന്മകളുടേയും സത്വരൂപമാകുന്നു പിശാച് അഥവാ സാത്താൻ. ഇന്നു നമ്മുടെയൊക്കെ സമൂഹങ്ങളിൽ വർദ്ധിച്ചുവരുന്ന അധർമ്മങ്ങളും, അകൃത്യങ്ങളും, വിവിധനിലകളിലുള്ള കൊലപാതകങ്ങളും മറ്റും എന്തുകൊണ്ടാണെന്നു വിവരിക്കേണ്ടതില്ലല്ലോ. ദൈവം മനുഷ്യനു നല്കിയിട്ടുള്ള നന്മതിന്മകളെ തിരിച്ചറിഞ്ഞു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യത്തെ വികടമാക്കി തിന്മകൾ പ്രവർത്തിക്കുവാൻ രാപകൽ അദ്ധ്വാനിക്കുന്ന പ്രേരകശക്തിയാകുന്നു സാത്താൻ. പക്ഷെ സാത്താൻ ആരേയും ഒന്നിനും നിർബ്ബന്ധിക്കാറില്ല. പക്ഷെ പ്രലോഭിപ്പിക്കുവാനും, സാഹചര്യങ്ങൾ അനുകൂലമാക്കി വഴിതെറ്റിക്കുവാനും, വഞ്ചിച്ചുകെണിയിൽ ചാടിക്കുവാനും മറ്റുമുള്ള സാത്താന്യ ശക്തിയൊന്നു വേറെയാകുന്നു. അതുകൊണ്ടാണല്ലോ നാം ഒരിക്കലും കേട്ടിട്ടില്ലാത്തതും കേൾപ്പാനിഷ്ടപ്പെടാത്തതുമായ നരബലികളും, പ്രണയ കൊലപാതകങ്ങളും, ആഭിചാരകൊലപാതകങ്ങളും, രാഷ്ട്രീയ കൊലപാതകങ്ങളും, ലൈംഗിക പീഡനങ്ങളും മയക്കുമരുന്നുകളും, മദ്യപാനവും എന്നുവേണ്ട എന്തെല്ലാം അധാർമ്മികതകളാണ് വർദ്ധിച്ചു കൊണ്ടിരിക്കുന്നത്. എവിടെയാണ് തെറ്റുപറ്റിയിരിക്കുന്നത്? നീതിന്യായ കോടതിയിലെത്തുമ്പോൾ ഇങ്ങനെയുള്ള അനീതികൾക്കെതിരെ അനുകൂലങ്ങളായ വിധിയാണ് ലഭിക്കുന്നത് എന്നത് അത്ഭുതമല്ലോ?

ജനങ്ങളുടെ കാവൽ ഭടന്മാരെന്ന പേരിൽ നിയമപ്പെടുത്തിയിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ കാട്ടിക്കൂട്ടുന്ന അക്രമങ്ങളും, അനീതികളും നാം ഇതിനുമുമ്പ് ഒരിക്കലും കേട്ടിട്ടില്ലാത്തവയല്ലോ? ഇവയൊക്കെ എന്താണ് നമ്മെ പഠിപ്പിക്കുന്നത്? സാത്താന്യ വാഴ്ചയിൽ ലോകം വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്നല്ലേ? എവിടെയാണ് കുഴപ്പം പറ്റിയിരിക്കുന്നത്? മറ്റെങ്ങുമല്ല കുടുംബജീവിതം ശക്തമല്ല എങ്കിൽ അതു ബാധിക്കുന്നതു സമൂഹത്തെ തന്നെ സംശയമില്ല. കാരണം കുടുംബങ്ങളാണല്ലോ സമൂഹം? കുടുംബത്തിന്റെ അടിസ്ഥാനം വിജയകരമായ വിവാഹജീവിതമാകുന്നു. വിവാഹിതരായി കുടുംബജീവിതത്തിലേക്കു പ്രവേശിക്കുന്ന ഭർത്താവിന്റെയും ഭാര്യയുടെയും ജീവിതവിജയം പോലെയിരിക്കും അവർ പണിയുന്ന കുടുംബത്തിന്റെ ഭദ്രത. കുടുംബം ഒരു ഭരണകൂടമാണെങ്കിൽ കുടുംബനാഥൻ ഭരണകർത്താവായിരിക്കും. കുടുംബത്തിൽ ഭർത്താക്കന്മാർക്കുള്ള സ്ഥാനത്തേക്കുറിച്ചുള്ള അജ്ഞത പരിഹരിച്ചാൽ ഒട്ടുമിക്ക പ്രശ്നങ്ങൾക്കും താനേ പരിഹാരം ഉണ്ടാകുന്നതാണ്. കുടുംബമെന്ന ശരീരത്തിൽ പുരുഷൻ 'തല'യും സ്ത്രീ ഉടലുമാകുന്നുവെങ്കിൽ ആ കുടുംബം ഭദ്രമായിരിക്കും. കുടുംബനാഥനായ ഭർത്താവ് തന്റെ ചുമതലകൾ മനസ്സിലാക്കി ഭാര്യയോടും മക്കളോടുംകൂടെ മാതൃകാപരമായ ഒരു സന്തുഷ്ടകുടുംബം പണിതെടുത്താൽ അവിടെ ദൈവാനുഗ്രഹം ഉണ്ടാകാതിരിക്കയില്ല. ചില നിയമങ്ങളും നിയന്ത്രണങ്ങളും കുടുംബജീവിതത്തിൽ അത്യാവശ്യമാകുന്നു. കുടുംബാംഗങ്ങൾ സഹകരിച്ചും അംഗീകരിച്ചും തങ്ങളുടെ ചുമതലകൾ വിഘ്നം കൂടാതെ നിറവേറ്റിയാൽ പിന്നെ

പ്രശ്നങ്ങൾക്കു സ്ഥാനമില്ലല്ലോ! അതായത് കുടുംബജീവിതത്തിൽ വ്യക്തമായ കാര്യ നിർവ്വഹണ വ്യവസ്ഥയുണ്ടായിരിക്കണമെന്നു സാരം! കുടുംബജീവിതത്തിൽ ഉണ്ടായിരി ക്കേണ്ട പ്രഥമവും പ്രധാനവുമായ നിയമം ഭാര്യയും ഭർത്താവും മക്കളും തമ്മിൽ തമ്മി ലുള്ള സ്നേഹവും, ബഹുമാനവും, ഐക്യ വും നിലനിർത്തുക എന്നതാകുന്നു. കുടുംബ ജീവിതത്തിലെ ഏറ്റവും പ്രധാനകർത്തവ്യം പരിശുദ്ധനായ ദൈവത്തിനുമാത്രം നല്കുക.

പ്രാർത്ഥിക്കുന്ന കുടുംബം ഐക്യ ത്തിൽ വസിക്കുന്നു. "പകലിന്റെ താക്കോൽ പ്രഭാത പ്രാർത്ഥനയും, രാത്രിയിലെ രക്ഷ യ്ക്കുള്ള 'ഓടാമ്പൽ' സന്ധ്യാ പ്രാർത്ഥനയു മാകുന്നുവെന്ന് വിശ്വസിച്ച് ഇവ രണ്ടും വിഘ്നം കൂടാതെ കുടുംബാംഗങ്ങൾ ഒന്നി ച്ചിരുന്നു ദൈവഹിത പ്രകാരം പ്രാർത്ഥിച്ചാൽ അവിടെ പ്രശ്നങ്ങൾക്കു സ്ഥാനം കാണുക യില്ല. പ്രാർത്ഥനയും, തിരുവചന പഠനവും, ഭക്തി നിർഭരമായ ദൈവാരാധനയുമില്ലാത്ത കുടുംബങ്ങൾ വേരുപോയ വടവൃക്ഷം പോലെ വാടിക്കരിഞ്ഞു പോകും. കുടുംബസൗഹൃദ ത്തിന്റേയും, ദൈവാനുഗ്രഹത്തിന്റേയും അടി സ്ഥാനമിട്ടു ജീവിക്കുന്ന കുടുംബജീവിതം അനുഗ്രഹകരമായ കുടുംബജീവിതമായി രിക്കും. മാതാപിതാക്കൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും ഐക്യതയിൽ കാര്യങ്ങൾ ചെയ്യുന്നതും കണ്ടുവേണം കുഞ്ഞുങ്ങൾ തങ്ങളുടെ ശൈശ വകാലം മുതൽ വളരുവാൻ. അവർ വളരു ന്തോറും അതനുകരിക്കാതിരിക്കയില്ല. കുഞ്ഞു ങ്ങൾ വളരുന്തോറും ചില ശിക്ഷണങ്ങളും, സദ് ഉപദേശങ്ങളും, ആവശ്യാനുസരണമുള്ള ശിക്ഷയും നല്കി വളർത്തി വലുതാക്കിയാൽ അത് അവരുടെ ജീവിതാന്ത്യം വരെ പാലിക്കും. അമിതമായ സ്വാതന്ത്ര്യവും, മക്കളുടെ എല്ലാ ആഗ്രഹങ്ങളും, ഒരു തടസ്സവുമില്ലാതെ നടത്തി ക്കൊടുത്ത് അവരെ വളർത്തിയാൽ അവർ തെറ്റുകൾ ചെയ്യുവാനും, അനാവശ്യങ്ങളായ അനുകരണങ്ങൾ സ്വന്തമാക്കുവാനും പരീക്ഷി ക്കപ്പെട്ടു എന്നുവരാം. അത് അവരെ ആപത്തി ലേക്കു തള്ളിവിടുന്നതിനു തുല്യമായിരിക്കും. കുടുംബത്തിൽ ചില നിബന്ധനകളും, ആരോ ഗ്യപരമായ നിയമങ്ങളും, നിർബ്ബന്ധങ്ങളും ഉണ്ടായിരിക്കണം. മക്കളും മാതാപിതാക്കളും അവ ഒരു പോലെ അനുസരിക്കുവാനും പാലി ക്കുവാനും ബാദ്ധ്യസ്ഥരായിരിക്കണം. തെറ്റ് ആരു ചെയ്താലും അതുതെറ്റുതന്നെ ആയി രിക്കും. തെറ്റുകൾ സമ്മതിച്ച് ഏറ്റുപറഞ്ഞു തിരുത്തുവാൻ സന്നദ്ധരാകുന്നില്ല എങ്കിൽ തക്കശിക്ഷ നല്കിയിരിക്കണം. ശക്തവും, ആരോഗ്യപരവുമായ സ്വഭാവ രൂപീകരണ ത്തിന് അത് സഹായകരമായിരിക്കും.

മക്കളേക്കുറിച്ചുള്ള അമിത വിശ്വാസം നന്നല്ല. എത്ര നന്നായി വളർത്തിയാലും, എത്ര നല്ല മാതാപിതാക്കളായാലും അവർ സമൂഹ ത്തിലിറങ്ങി സ്കൂളിലും കോളജിലുമൊക്കെ പോകുമ്പോൾ തെറ്റായ കൂട്ടുകെട്ടിലും, തെറ്റായ ചില ശീലങ്ങൾക്കു വിധേയരാകാനും സാദ്ധ്യതകളുണ്ട്. അതുകൊണ്ട് മക്കളുമായി തുറന്നു സംസാരിക്കാനും, മക്കൾക്ക് അവരുടെ അഭിപ്രായങ്ങളും, അനുഭവങ്ങളും തുറന്നു സംസാരിക്കാനുള്ള അവസരമുണ്ടാക്കിക്കൊടു ക്കണം. അവരുടെ പെരുമാറ്റങ്ങളിലും, സ്വഭാ വത്തിലും മറ്റുമുള്ള മാറ്റങ്ങൾ ആരംഭത്തിൽ തന്നെ കണ്ടുപിടിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആരെങ്കിലും പുറ ത്തുള്ളവർ മക്കളിൽ കണ്ട തെറ്റായ ചില പ്രവൃ ത്തികൾ മാതാപിതാക്കളുടെ ശ്രദ്ധയിൽപെടു ത്തിയാൽ അതിന്റെ നിജസ്ഥിതി മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുവാനുള്ള ക്ഷമയും, സന്മനസ്സും ഉണ്ടായിരിക്കണം.

തെറ്റുകൾ മുളയിലേ നുള്ളിക്കളയുന്ന തായിരിക്കും നല്ലത്. "എന്റെ മകൻ/മകൾ അങ്ങനെയൊന്നും ചെയ്കയില്ല" എന്നു പറഞ്ഞ് അവഗണിക്കുന്നത് അബദ്ധമാകുന്നു. മക്കളുമായുള്ള ആശയവിനിമയത്തിന് മാതാ പിതാക്കൾ മനഃപൂർവ്വം സമയം കണ്ടെത്തേണ്ട താകുന്നു. പ്രത്യേകിച്ച് അവർ ഉപയോഗിക്കുന്ന "ഐഫോൺ, വാട്സ് ആപ്പ്, ഫേയ്സ് ബുക്ക്" ഇവ മാതാപിതാക്കൾ സശ്രദ്ധം ശ്രദ്ധിക്കേ

ശേഷം പേജ് 7–ൽ കാണുക

# നമ്മുടെ പ്രശംസ

**ജോയമ്മ സാംസൺ, കൊല്ലം**



ലൗകിക ജീവിതത്തിൽ നമുക്കു പ്രശംസിക്കുവാൻ ധാരാളം വകയുണ്ട്. സൗന്ദര്യത്തിൽ പ്രശംസിക്കുന്നവരുണ്ട്, സമ്പത്തിൽ പ്രശംസിക്കുന്നവരുണ്ട്, സ്ഥാനമാനങ്ങളിൽ പ്രശംസിക്കുന്നവരുണ്ട്, ആരോഗ്യത്തിൽ പ്രശംസിക്കുന്നവരുണ്ട്, ബുദ്ധിയിൽ പ്രശംസിക്കുന്നവരുണ്ട്, മക്കളിൽ പ്രശംസിക്കുന്നവരുണ്ട്, പാരമ്പര്യത്തിൽ പ്രശംസിക്കുന്നവരുണ്ട്. ഇങ്ങനെ നീണ്ടു നീണ്ടു പോകുന്നു പ്രശംസയുടെ പട്ടിക. എന്നാൽ ഒരു ദൈവപൈതലിനു പ്രശംസിക്കുവാൻ എന്തൊക്കെയാണുള്ളത്? ആത്മികമായി ഏതൊക്കെ വിഷയങ്ങളിലാണ് നാം പ്രശംസിക്കേണ്ടത്? ഈ വിഷയത്തെപ്പറ്റി അല്പമായി ചിന്തിക്കാം. അതിന് ആധാരമായി റോമാലേഖനം അഞ്ചാമദ്ധ്യായത്തിൽ നിന്നു ചില വാക്യങ്ങൾ പരിശോധിക്കാം.

**1. നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു** (റോമ. 5:2)

ദൈവതേജസ്സിന്റെ പ്രത്യാശ എന്നാൽ എന്താണ്? അത് എങ്ങനെ ലഭിക്കുന്നു? ആദാമിനെ സൃഷ്ടിച്ച നാളിൽ അവൻ ദൈവതേജസ്സ് ധരിച്ചിരുന്നു. ആദാം പാപം ചെയ്തപ്പോൾ അവനു ദൈവതേജസ്സു നഷ്ടപ്പെട്ടു. ദൈവത്തോടു സമാധാനം ഇല്ലാതായി. ആദാമ്യസന്തതികളായ മനുഷ്യവർഗ്ഗത്തിനു അതു തിരികെ നല്കുവാനാണ് ദൈവം തന്റെ പുത്രനെ (യേശുവിനെ) കാൽവറിക്രൂശിൽ യാഗമായി അർപ്പിച്ചത്. യേശുവിൽ വിശ്വസിക്കുന്നവൻ തന്റെ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് അവനു ദൈവത്തോടു സമാധാനം ഉണ്ടാകുന്നു. പുത്രൻ മൂലം ദൈവത്തോടു നിരപ്പു പ്രാപിക്കുന്ന നാം ദൈവകൃപയിലേക്കു പ്രവേശിച്ചിരിക്കുന്നു. അതുനിമിത്തം നമുക്ക് ഒരു ഭാവിപ്രത്യാശയുണ്ട്. അതു നാം ഭാവിയിൽ ദൈവതേജസ്സുള്ളവരായി എന്നേക്കും ക്രിസ്തുവിനോടൊപ്പം വസിക്കും എന്നുള്ളതാണ്.

**2. നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു**

(റോമ. 5:3)

ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കാൻ ആഗ്രഹിക്കുന്ന ഏവർക്കും കഷ്ടങ്ങളുണ്ട്. കഷ്ടത അനുഭവിക്കുവാൻ നമുക്കു വരം ലഭിച്ചിരിക്കുകയാണ്. എന്നാൽ വിശ്വാസികളായ നമ്മുടെ കഷ്ടതകൾ നമ്മെ പ്രത്യാശയിലേക്കു നയിക്കുന്നു. അതിനുള്ള കാരണങ്ങൾ പ്രസ്തുത വചനഭാഗത്തു പറഞ്ഞിട്ടുള്ളതു ശ്രദ്ധേയമാണ്. (1) കഷ്ടത സഹിഷ്ണുത ഉളവാക്കുന്നു. സഹിഷ്ണുത എന്ന പദത്തിനർത്ഥം സഹിക്കുവാനുള്ള കഴിവ് എന്നാണെങ്കിലും അതിലുപരിയായി നാം നമ്മെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തുന്ന അവസ്ഥ. തന്നിമിത്തം നാം പൂർവ്വാധികം വിനയമുള്ളവരായിത്തീരുന്നു (2) ഈ അവസ്ഥ നമ്മെ സിദ്ധതയിലേക്കു നയിക്കുന്നു. എന്താണു സിദ്ധത? തെളിവ്, പ്രവൃത്തി എന്നൊക്കെ ഇതിനർത്ഥം. അതായത് പയറ്റി തെളിഞ്ഞത്. സിദ്ധ വൈദ്യത്തെപ്പറ്റി നാം കേട്ടിട്ടില്ലേ? യാതൊരു കുറവുമില്ലാത്ത തെളിഞ്ഞ വൈദ്യം. എന്തും പ്രവർത്തിക്കുവാനുള്ള, എന്തും സഹിക്കുവാൻ തയ്യാറുള്ള ഒരു മനഃസ്ഥിതിയിലേക്കു സിദ്ധത നമ്മെ എത്തിക്കുന്നു. അതായത് നാം സ്വഭാവശുദ്ധിയുള്ളവരായിത്തീരുന്നു. (3) സിദ്ധത നമ്മെ പ്രത്യാശയിലേക്കു നയിക്കുന്നു. നമുക്കു ഒരു നിത്യത ദൈവം ഒരുക്കിയിട്ടുണ്ട്.

നിത്യതയിൽ നാം ക്രിസ്തുവിനോടു കൂടെ വാഴും എന്നുള്ള പ്രത്യാശ. ഇതിന്റെ പിന്നിലും വ്യാപരിക്കുന്നത് ദൈവകൃപയാണ്. ലോകമനുഷ്യർക്കൊക്കെയും ആശയുണ്ട്. ഈ ലോകത്തിലെ ശുഭഭാവിയാണവർ ഇച്ഛിക്കുന്നത്. ദൈവമക്കൾക്കു മാത്രമേ ഭാവി പ്രത്യാശയുള്ളൂ. എന്തെല്ലാം ലോകജീവിതത്തിൽ സംഭവിച്ചാലും അതൊക്കെയും ദൈവം തന്റെ പുത്രന്റെ രൂപത്തോട് നമ്മെ അനുരൂപമാക്കുവാൻ സ്വന്ത അറിവോടെ ചെയ്യുന്നതാണ്. “ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു” (റോമ. 8:28). അതുകൊണ്ടു നാം കഷ്ടങ്ങളിലൂടെ ലഭിക്കുന്ന ദൈവകൃപയിൽ പ്രശംസിക്കുന്നു.

**3. നാം ദൈവത്തിൽ പ്രശംസിക്കുന്നു** (റോമ. 5:11)

ദൈവത്തിൽ നിന്നകന്നവരായിരുന്ന, ശത്രുക്കളായിരുന്ന മനുഷ്യവർഗ്ഗത്തെ സ്വർഗ്ഗീയ പിതാവിന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു കർത്താവായ യേശുക്രിസ്തു തന്റെ ജഡശരീരത്തിൽ മരണം അനുഭവിച്ചു. തന്റെ രക്തത്താൽ നമ്മെ പിതാവായ ദൈവത്തോടു നിരപ്പിച്ചു. തന്നിമിത്തം മുമ്പെ ദൂരസ്ഥരായിരുന്ന നമ്മെ ക്രിസ്തുയേശുവിൽ സമീപസ്ഥരാക്കിയിരിക്കുന്നു. നിരപ്പു ലഭിച്ചതിന്നു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കുന്നു.

നാം പലപ്പോഴും നമുക്കു കിട്ടുന്ന നന്മയിലാണു പ്രശംസിക്കുന്നത്. ഈ നന്മകളൊക്കെ നമുക്കു ലഭിക്കാൻ കാരണക്കാരൻ നമ്മുടെ ദൈവമാണെന്നു നാം ഒരിക്കലും മറക്കരുത്. അതുകൊണ്ടു നമുക്കു ദൈവം തരുന്ന ഓരോ നന്മെക്കും നന്ദിയുള്ളവരായിരിക്കണം. എന്നാൽ നാം ദാനത്തിലല്ല ദാതാവിലാണു പ്രശംസിക്കേണ്ടത്. ദാനത്തിൽ പ്രശംസിച്ചാൽ ആ ദാനങ്ങൾ നഷ്ടപ്പെടുമ്പോൾ നാം നിരാശരായിത്തീരും. ദാതാവിനെ മറന്നുപോകും; തള്ളിപ്പറയും. ഇത്തരുണത്തിൽ ഇയ്യോബിന്റെയും ഭാര്യയുടെയും കഷ്ടതയിൽ ദൈവത്തോടുള്ള പ്രതികരണം ശ്രദ്ധേയമാണ്.

ഇയ്യോബ് നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു. തന്റെ മക്കൾ പാപം ചെയ്യാതിരിക്കുന്നതിനു വേണ്ടിയും നന്നാ രാവിലെ എഴുന്നേറ്റ് അവരുടെ സംഖ്യക്കു ഒത്തവണ്ണം ഹോമയാഗങ്ങളെ കഴിക്കയും ചെയ്തു. ഇയ്യോബ് ബഹുസമ്പന്നൻ ആയിരുന്നു. ദൈവം കൊടുത്ത ഓരോ നന്മെക്കും ഇയ്യോബ് നന്ദിയുള്ളവനുമാണ്; ദൈവത്തിനു മുഖ്യസ്ഥാനം തന്റെ ജീവിതത്തിൽ കൊടുക്കുന്നവനാണ് ഒരു യഥാർത്ഥ ദൈവഭക്തൻ.

ഒരു ദിവസം പൊടുന്നനെ ഇയ്യോബിന്റെ സമ്പത്തെല്ലാം നഷ്ടപ്പെട്ടു. തുടർന്നു അവന്റെ പുത്രന്മാരും പുത്രിമാരും നഷ്ടപ്പെട്ടു. ഈ സംഭവങ്ങളെല്ലാം ഇയ്യോബിനെ അതിദുഃഖത്തിലാഴ്ത്തി. എങ്കിലും ഇതിലൊന്നും ഇയ്യോബ് ദൈവത്തിനെതിരായി കുറ്റം ആരോപിക്കാതെ ദൈവത്തെ മഹത്ത്വപ്പെടുത്തുകയാണ് ചെയ്തത്. അവൻ പറഞ്ഞത് ഇപ്രകാരമാണ് “യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ”. ഇയ്യോബ് ദൈവം കൊടുത്ത നന്മകളിലല്ല ദൈവത്തിലാണു പ്രശംസിച്ചത്. അവസാനം അവന്റെ ശരീരത്തിലും രോഗം ബാധിച്ചു. അവന്റെ ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കളാൽ ബാധിച്ചു. “അവന്റെ ഭാര്യ അവനോട്: നീ ഇനിയും നിന്റെ ഭക്തിമുറുകെ പിടിച്ചു കൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചു കളക എന്നു പറഞ്ഞു. അവൻ അവളോടു: ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു; നാം ദൈവത്തിന്റെ കൈയിൽ നിന്നു നന്മ കൈക്കൊള്ളുന്നു; തിന്മയും കൈക്കൊള്ളരുതോ എന്നു പറഞ്ഞു. ഇതിൽ ഒന്നിലും ഇയ്യോബ് അധരങ്ങളാൽ പാപം ചെയ്തില്ല” (ഇയ്യോ. 2:9,10).

ഇയ്യോബിന്റെ ഭാര്യ അങ്ങനെ ആയിരുന്നില്ല. അവൾ ദൈവം കൊടുത്ത എല്ലാ നന്മയിലും സന്തോഷിച്ചു. പ്രതികൂലതകൾ നേരി

ട്ടപ്പോൾ അവൾ ദൈവത്തിൽ നിന്നു ലഭിച്ച നന്മകൾ മറന്നു. കഷ്ടതകളുടെ നടുവിൽ അവൾക്കു ഇയ്യോബിനെപ്പോലെ ദൈവത്തെ മഹത്ത്വപ്പെടുത്താൻ സാധിച്ചില്ല. തന്റെ ഭർത്താവിന്റെ രോഗം ബാധിച്ച അവസ്ഥ കൂടി കണ്ടപ്പോൾ പതറിപ്പോയി. അങ്ങനെയുള്ള സാഹചര്യത്തിലാണ് അവൾ "നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചു കൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചു കളക" എന്നു പറഞ്ഞത്.

ദൈവവചനം ഇപ്രകാരം പറയുന്നു: "മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും" (1 കൊരി 10:13). ഈ വചനം ഇയ്യോബിന്റെ ജീവിതത്തിൽ എത്ര മാത്രം പ്രായോഗികമായിത്തീരുന്നു എന്നു നോക്കുക? ഇയ്യോബിന്റെ ഭവനത്തിൽ കൃഷിഫലമെല്ലാം കളപ്പുരയിൽ ശേഖരിച്ചു വെച്ചതിനു ശേഷമാണ് അവന്റെ സമ്പത്തായ കാള, കഴുത, ആട്, ഒട്ടകങ്ങൾ മുതലായവ നഷ്ടമായത് എന്നു ചിന്തിക്കാം. മക്കൾ കൂടിയിരുന്ന ഒരു വീടു മാത്രമേ നിലംപരിചായുള്ളു. അതായത് എല്ലാം നഷ്ടപ്പെട്ട ഇയ്യോബിനു സഹായത്തിനായി ഭാര്യയുണ്ട്, ബന്ധുക്കളുണ്ട്, വീടുണ്ട്, ദാസീദാസന്മാരുണ്ട്, ആഹാരസാധനങ്ങളുണ്ട്. ദൈവം വിശ്വസ്തൻ. അവൻ പരീക്ഷയോടുകൂടെ പോക്കുവഴിയും ഉണ്ടാക്കും.

പ്രിയ സഹോദരിമാരേ, നാം ഇയ്യോബിന്റെ ഭാര്യയെപ്പോലെ ആകരുത്. ദൈവം തരുന്ന നന്മയിലും തിന്മയിലും ഒരു പോലെ തന്നെ നാം ദൈവത്തെ മഹത്ത്വപ്പെടുത്തണം. നന്മയെ അല്ല നാം സ്നേഹിക്കേണ്ടത്. അതു തന്ന ദൈവത്തെയാണ്. നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ ലോകത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു പൗലൊസിനെപ്പോലെ നമുക്കും എണ്ണാം. ആകയാൽ കഷ്ടതയിലും ദൈവത്തിൽ പ്രശംസിക്കുവാൻ നമുക്കു ഇടയാകേണ്ടതിന്നു ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാം. ക്രിസ്തുവിന്റെ ശക്തി നമ്മിൽ ആവസിക്കേണ്ടതിന്നു പൗലൊസിനെപ്പോലെ അതിസന്തോഷത്തോടെ നമ്മുടെ ബലഹീനതകളിലും പ്രശംസിക്കാം.

ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. .....സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്ത്വം ആമേൻ (റോമർ 11:33,36). ◈

---

പേജ് 4 ന്റെ തുടർച്ച **(അധർമ്മമൂർത്തിയായ സാത്താൻ)**

ണ്ടതും തെറ്റുകൾ തിരുത്തേണ്ടതുമാകുന്നു. മക്കളുടെ ഹൃദയം തുറന്നു സംസാരിക്കാനുള്ള സ്വാതന്ത്ര്യവും അതനുസരിച്ചുള്ള ബുദ്ധിയുപദേശങ്ങളും അനിവാര്യമാകുന്നു. കുറ്റം ചെയ്താൽ ശിക്ഷിക്കപ്പെടുമെന്നും, കുറ്റവാളികൾ ശിക്ഷാർഹരാണെന്നുമുള്ള ബോധം കുഞ്ഞുങ്ങളിൽ ബാല്യം മുതലേ അങ്കുരിപ്പിക്കേണ്ടതാകുന്നു. കുറ്റം ചെയ്താൽ ശിക്ഷ ലഭിക്കയില്ല എന്ന ധാരണ കൂടുതൽ വലിയ കുറ്റങ്ങൾക്ക് അവരെ പ്രേരിപ്പിക്കും. ഈ വിഷയത്തേക്കുറിച്ചു ധാരാളം എഴുതാനുണ്ട്. സ്ഥലപരിമിതിയാൽ നിർത്തുന്നു. ഇതു വായിക്കുന്ന മാതാപിതാക്കളേ, ഇന്നു നാം മാദ്ധ്യമങ്ങളിൽ കൂടെ കേൾക്കയും, കാണുകയും ചെയ്യുന്ന അധർമ്മങ്ങളും അനീതികളും നിങ്ങളുടെ ഭവനങ്ങളിൽ വരാതിരിക്കുവാൻ ശ്രദ്ധിക്കുക. നിങ്ങളുടെ കുടുംബാന്തരീക്ഷം സുരക്ഷിതമാക്കുക. ദൈവാശ്രയത്തിലും, ദൈവഭക്തിയിലും, ദൈവവിശ്വാസത്തിലും, ആത്മിക വിഷയങ്ങളിലും മുൻഗണന നല്കി കുടുംബാന്തരീക്ഷം ദൈവം പ്രസാദിക്കുന്നതും, ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതും, ആക്കി തീർക്കുവാൻ ശ്രദ്ധിക്കുക. ദൈവം പ്രസാദിക്കുന്ന നല്ല തലമുറകളെ വാർത്തുണ്ടാക്കുവാൻ ശ്രദ്ധിക്കുക. അതിനായി പ്രാർത്ഥിക്കുക. പ്രയത്നിക്കുക. ഈ ലേഖനം അതിന്നായി സഹായമായിതീരട്ടെ. ◈

# മക്കളുടെ കാൽവയ്പുകൾ ജാഗ്രതയോടെയോ?

**എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ**



വിശുദ്ധ വേദപുസ്തകത്തിൽ ഉൽപത്തി 34-ാം അദ്ധ്യായം 1 മുതൽ 3 വരെയുള്ള ഭാഗങ്ങളിൽ ഇങ്ങനെ വായിക്കുന്നു. യാക്കോബിന് ലേയയിൽ ജനിച്ച മകളായ ദീന ആ ദേശത്തെ കന്യകമാരെ കാണ്മാൻ പോയി. എന്നാറെ ഹിവ്യനായ ഹമോരിന്റെ മകനായ ദേശത്തിന്റെ പ്രഭുവായ ശെഖേം അവളെ കണ്ടിട്ട് പിടിച്ചുകൊണ്ടു പോയി അവളോടുകൂടെ ശയിച്ച് അവൾക്ക് പോരായ്ക വരുത്തി.

മുകളിൽ ഉദ്ധരിച്ച വേദഭാഗങ്ങളിൽ സംക്ഷിപ്തമായിരിക്കുന്നതിന്റെ സാരാംശം, ഒരു ബാലനിമിത്തം ദേശത്തുണ്ടായ ബാഷ് പോല്പാദകമായ അവസ്ഥ. ഇവിടെ എടുത്തു പറയേണ്ട പ്രധാന കാര്യം യാക്കോബിന്റെ ഒരേ ഒരു മകളാണ് ദീനാ. പന്ത്രണ്ട് സഹോദരന്മാരുടെ ഒരേ ഒരു കുഞ്ഞനുജത്തി. ദേശത്തിലെ കന്യകമാരുമായുള്ള ചങ്ങാത്തം ഒരുപക്ഷേ പിതാവിനും സഹോദരങ്ങൾക്കും അഭിമാനമായി തോന്നിയേക്കാം. അതിനാലായിരിക്കാം ദേശത്തേക്ക് ഇറങ്ങാൻ മൗനാനുവാദം നല്കിയതും.

ബാലയായ ദീനയ്ക്ക് ദേശത്തിലെ വൈതരണികളെക്കുറിച്ച് അറിവ് ഇല്ലായിരുന്നുവെന്നു ഈ ഭാഗങ്ങളിലൂടെ മനസ്സിലാക്കാം. ഇവിടെ സംഭവിച്ചത് ദേശത്തിലെ പ്രഭുവായ ശെഖേം ബാലയായ ദീനയെകണ്ട് ചിത്താകർഷനായി അവളെ പിടിച്ചുകൊണ്ടുപോയി വിവേകരഹിതമായ പ്രവർത്തനങ്ങളാൽ വഷളത്വം പ്രവർത്തിച്ചു. പെൺകുട്ടികൾ പോകരുതാത്തയിടങ്ങളിൽ പോയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളാണ് ഈ സംഭവത്തിലൂടെ വ്യക്തമാക്കുന്നത്. വിവേകമില്ലാത്ത ദീന മുഖാന്തരമുണ്ടായ വിപത്തുകളുടെ തുടർകഥയിങ്ങനെ:- ദേശത്ത് കൂട്ടക്കൊല നടന്നു; സാഹസത്തിന്റെ വാളുകൾ ലേവിയും ശിമയോനും കൈകളിലെടുത്തു, ദൈവത്തിന്റെ വിശുദ്ധ നിയമത്തെ വഞ്ചനാപരമായി ഉപയോഗിച്ചു; "പരിച്ഛേദന എന്ന നിയമം യാക്കോബിന്റെ മക്കളുടെ സ്വന്ത ഹിതപ്രകാരം കാര്യനേട്ടത്തിനായി ഉപയോഗിച്ചു". വിശുദ്ധ നിയമത്തിന്റെ മറവിൽ അവർ ശെഖേമ്യരെ വഞ്ചിച്ചു നശിപ്പിച്ചു; ദേശനിവാസികളുടെ മദ്ധ്യേ അവർ നിന്ദാപാത്രങ്ങളായി. പ്രതികാരത്തിന്റെയും വഞ്ചനയുടെയും മുഖംമൂടിയണിഞ്ഞു. ദീനാ മുഖാന്തരം ദേശം വിട്ടു പോകേണ്ടിവന്നു. ദീനായുടെ ഭാവി അനിശ്ചിതത്തിലാകാനുമിടയുണ്ട്.

പ്രിയമുള്ളവരേ, ദീനാ മുഖാന്തരമുണ്ടായ വിപത്തിന്റെ തുടർക്കഥ ഇന്നും തുടർമാനമായി സമൂഹത്തിൽ അലയടിച്ചുകൊണ്ടിരിക്കുകയാണല്ലോ? കുഞ്ഞുങ്ങളുടെ പരിജ്ഞാനമില്ലാത്ത കാൽവയ്പുകൾ ഇന്ന് അനേക കുടുംബങ്ങൾ തകർത്തു കളയുന്നു. ക്രൈസ്തവഗോളങ്ങളിലും ഇന്ന് ഈ പ്രവണത ഏറിവരുന്നതായി കാണാം.

പ്രിയമുള്ളവരേ, പ്രായോഗിക പരിജ്ഞാനമില്ലാത്ത നമ്മുടെ കുഞ്ഞുങ്ങൾ ഭവനത്തിനപ്പുറത്തുള്ള ലോകത്തിന്റെ മ്ലേഛമുഖം കണ്ടവരല്ല. ഭവനത്തിലെ ആത്മിയാന്തരീക്ഷത്തിൽ വളർന്നു വന്ന അവർ ലോകത്തിലേക്ക് ഇറങ്ങുമ്പോൾ വിവിധതരത്തിലുള്ള പരീക്ഷണഘട്ടത്തിലൂടെ കടന്നു പോകേണ്ടതായി വരുമ്പോൾ ശെഖേമിനെപ്പോലുള്ള എത്രയോ ചെന്നായ്ക്കൾ കുഞ്ഞുങ്ങളെ കടിച്ചുകീറു

വാൻ വെമ്പൽ കൊണ്ടിരിക്കുകയാണെന്നുള്ള യാഥാർത്ഥ്യം മാതാപിതാക്കൾ വിസ്മരിക്കരുത്. ഇന്നത്തെ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും നിയന്ത്രണവിധേയമല്ലാത്ത അസാന്മാർഗ്ഗിക ജീവിതവും സമൂഹത്തിന് വിപത്തായി കൂടെയുള്ളപ്പോൾ നമ്മുടെ കുഞ്ഞുങ്ങളുടെ കാൽവയ്പുകൾ ജാഗ്രതയോടെ നാം കാണേണ്ടിയിരിക്കുന്നു.

നമ്മുടെ കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ്. അവർ ലോകമയത്വത്തിലേക്ക് വഴുതിപ്പോകാതിരിക്കണമെങ്കിൽ കെടാത്ത ദീപമായ ദൈവവചനങ്ങൾ അവരുടെ ഹൃദയങ്ങളിൽ പകർന്നു നല്കി ബലമുള്ളവരാക്കാം. ദൈവത്തിന്റെ വചനം അവരുടെ കാലുകൾക്ക് ദീപവും പാതയ്ക്കു പ്രകാശവുമായിരുന്നാൽ അവരെ ഒരു ദുഷ്ടനും തൊടുകയില്ല. 91-ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ അത്യുന്നതന്റെ മറവിൽ വസിക്കുന്നവരായും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കുന്നവരായും ഒരുക്കി അവരെ അയയ്ക്കേണ്ടിടത്തേക്ക് അയയ്ക്കാം.

അശുദ്ധിയിലേക്ക് നടത്തുന്ന പാപപ്രവണതയെപ്പറ്റി തിരുവെഴുത്തിൽ ഇങ്ങനെ പരാമർശിച്ചിരിക്കുന്നു. ദുർമോഹങ്ങൾ: കൺമോഹം മത്താ: 5:28, സദൃശ. 6:25-സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി. രാഗമോഹങ്ങൾ ദുഷിച്ചവ: റോമർ 1:26,27 ൽ അപമാനകരമായ വികാരങ്ങൾക്ക് ഏല്പിച്ചുകൊടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ജഡ സ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ലെന്ന് റോമർ 8:8ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭക്തനായ ഇയ്യോബ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു ഇയ്യോബ് 31:1 ഞാൻ എന്റെ കണ്ണുമായി ഒരുടമ്പടി ചെയ്തിരിക്കുന്നു.

പ്രിയപ്പെട്ടവരേ, തിരുവചന സത്യങ്ങൾ നിറവേറികൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ തലമുറകളെ ദൈവഹിതപ്രകാരം നടത്തുവാൻ നല്ല നിർദ്ദേശങ്ങളും അതോടൊപ്പം നമ്മൾ അവരോടു കൂടെയുണ്ടെന്നുള്ള അവബോധവും കൊടുക്കാം. ഏതു പ്രതിസന്ധിഘട്ടങ്ങളിലും അവർക്കു താങ്ങും തണലുമായി അവരോടു ചേർന്നു നില്ക്കാം.

ഇന്ന് തിരുഹിതമല്ലാത്ത തിരഞ്ഞെടുപ്പുകൾ വർദ്ധിക്കുന്നതോടെ ഊട്ടി വളർത്തിയ മാതാപിതാക്കൾ അവർക്ക് അന്യരാകുന്നു. കുടുംബബന്ധങ്ങൾ ചില്ലുകൊട്ടാരം പോലെ വീണുടയുന്നു. ഇതിനിടയിൽ പിടയുന്ന അനാഥത്വം പേറുന്ന ബാല്യങ്ങളും, തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും പറയുന്നകാലഘട്ടം. തിന്മകൾക്കെല്ലാം സർക്കാരുകൾ അനുമതിയും നല്കുന്നു. നമുക്ക് പറഞ്ഞുകൊടുക്കാം. എന്താണ് ദൈവിക കരുതലെന്ന്. 1. വിശ്വസ്തന്മാരുടെ വഴി സൂക്ഷിക്കുന്ന ദൈവം: സദൃ28. 2. താങ്ങി നിറുത്തുന്ന ദൈവികകരുതൽ: യെശയ്യ. 41:10, ആവശ്യങ്ങളെ സസൂക്ഷ്മം വീക്ഷിക്കുന്ന ദൈവം മത്താ. 6:32 ഉറങ്ങാത്ത സൂക്ഷിപ്പുകാരൻ സങ്കീ. 121:4 സംരക്ഷണപിതാവ് യോഹ. 17:11, പ്രയാസഘട്ടങ്ങളിൽ താങ്ങുന്ന ദൈവം സങ്കീ. 57:1, ചിറകിൻ മറവിൽ 91:1, ഈ വചനങ്ങൾ നമ്മുടെ കുഞ്ഞുങ്ങളുടെ ഹൃദയപലകയിൽ എഴുതാം. ധൈര്യപ്പെടുത്താം.

പ്രിയ സഹോദരിമാരേ, നമുക്കവർക്കു പറഞ്ഞുകൊടുക്കാം **ഒന്നാമതായി: വ്യക്തിത്വം കാത്തുസൂക്ഷിക്കുക** ജീവിതത്തിന്റെ ഏതു ഘട്ടത്തിലും പകർന്നു നിങ്ങൾക്കു നല്കിയ മൂല്യങ്ങളെ മുറുകെ പിടിച്ച് വ്യക്തിത്വങ്ങളെ പണയം വയ്ക്കാതെ ജീവിതത്തിൽ മുന്നേറുക. അടിതെറ്റി വീഴാതിരിക്കാൻ പിൻബലമായി എപ്പോഴും മാതാപിതാക്കൾ കൂടെയുണ്ടെന്നുള്ള ഓർമ്മ എന്നും കരുത്തായി കൂടെ കൂട്ടുക. പഠനകാലമാണ് ഏറ്റവും അധികം പ്രലോഭനമുണ്ടാകുന്നത്. എന്റെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനാണ് എന്റെ പഠനം എന്നു മനസ്സിലുറപ്പിക്കുക. പഠനം ഒരു ബിരുദസമ്പാ

ദനമോ അറിവ് നേടലോ മാത്രമല്ല. മറിച്ച് നല്ലൊരു വ്യക്തിത്വത്തിന് ഉടമയായി മൂല്യബോധത്തോടെ സാമൂഹ്യ പ്രതിബദ്ധത യുള്ള പൗരനായിത്തീരുക. നല്ല സൗഹൃദം: ആവശ്യമാണോയെന്നു ചിന്തിക്കുക, സിനിമ യിലെപ്പോലെയും കഥയിലെപ്പോലെയുമുള്ള സൗഹൃദം കെട്ടുകഥകൾ മാത്രം, അത് ആഗ്ര ഹിക്കരുത്. പരസ്പരം കാണാതെയും അറി യാതെയുമുള്ള സൗഹൃദങ്ങൾ വെറും മരീചിക യാണ്, സൗഹൃദം വ്യക്തിയുമായി നേരിട്ടുള്ള താക്കാം. ഫേസ്ബുക്ക് വഴി പരിചയപ്പെട്ട ഒരാളെ ആത്മമിത്രമായി പരിഗണിക്കാനും വിശ്വസിക്കാനും പാടില്ല. പ്രണയം: പരസ്പരം ആകർഷിക്കാനുള്ള കഴിവ് പ്രകൃതിദത്തമാണ്. എന്നാൽ അതിർവരമ്പുകൾ നിശ്ചയി ക്കേണ്ടത് അവരവർ തന്നെ. വിവേകത്തോടും മതിയായ സമയമെടുത്തും ഇഷ്ടപ്പെടുന്ന വരുമായി സൗഹൃദം സ്ഥാപിക്കുക ഇഷ്ടം പിടിച്ചു വാങ്ങുന്നത് ആത്മാഭിമാനത്തിന് ക്ഷതം ഉണ്ടാക്കും. തിരിച്ചറിയുക മക്കളെ യഥാർത്ഥസ്നേഹം കലർപ്പില്ലാത്ത സൗഹൃദ വും, കരുതലും ലാഭേച്ഛയില്ലാത്ത പെരുമാറ്റ വുമാണെന്നു തിരിച്ചറിയുക. കടപ്പാടോ സാഹചര്യങ്ങളുടെ സമ്മർദ്ദമോ, കൂട്ടുകാരുടെ നിർബ്ബന്ധമോ മറ്റൊരാളെ ഇഷ്ടപ്പെടാൻ കാര ണമാകരുത്. എടുത്തുചാട്ടം കൗമാര പ്രായം അറിവ് നേടുവാനുള്ള വ്യഗ്രതയുടെ കാല ഘട്ടമാണ്. ഈ സമയത്ത് കുട്ടികൾ ലൈംഗികതയും ലഹരിയും പരീക്ഷിക്കുന്നു. ഇത് ജൈവപരമായ ഒരു പ്രക്രിയ ആണ്. അതിനോട് 'നോ' പറയാൻ ധൈര്യം കാണി ക്കുക. സുഹൃത്ബന്ധങ്ങളിൽ നിന്നു സമ്മർദ്ദ മുണ്ടായേക്കാം സാരമില്ല. ലിവിംഗ് ടുഗതർ: കഥകൾ കഥകളാണ്. കഥയിൽ പറഞ്ഞു പരിചയമുള്ള പെരുമാറ്റങ്ങൾ ജീവിതത്തിൽ പരീക്ഷിക്കരുത്. വിവാഹം: കുടുംബത്തെ ക്കുറിച്ചും വ്യക്തിയെക്കുറിച്ചും നന്നായി മന സ്സിലാക്കിയിരിക്കണം. ബാഹ്യപ്രേരണയാലോ സമ്മർദ്ദത്താലോ അരുത് ജീവിത പങ്കാളിയെ തിരഞ്ഞെടുക്കാൻ. ഇനിയും സുരക്ഷ: ആധുനിക യുഗത്തിൽ പൊതുവേ സുരക്ഷി തർ ആണെങ്കിലും നമ്മുടെ നാട്ടിൽ സ്ത്രീ സുരക്ഷ ഒരു ചോദ്യചിഹ്നം തന്നെയാണ്. നോട്ടം മുതൽ സ്പർശനം വരെ തരം തിരിച്ചു കാണുവാൻ ശ്രദ്ധിക്കുക കുഞ്ഞുങ്ങളെ ആരോഗ്യപരമായ സാമൂഹിക ജീവിതത്തിന് നല്ല സുഹൃത്തുക്കളെയും ആവശ്യമാണ്. തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിച്ചു മാത്രം.

ഇനിയും നമുക്ക് അവരോട് ചേർന്നു നിന്നുകൊണ്ട് പഠനമേഖലകളെ, ജോലിസ്ഥല ങ്ങളെ അവർ ഏതുമേഖലയിൽ ആയിരുന്നാ ലും ദൈവവചനത്താൽ സംരക്ഷണം നല്കു വാനും ദുഷ്ടൻ ദൃഷ്ടിവെയ്ക്കാതെ ശത്രു അവർക്കു നേരെ പ്രബലപ്പെടാനിടവരാതെ ദൂതന്മാരുടെ കാവലാൽ അവരെ സൂക്ഷി ക്കുവാൻ നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം. അതിനായി കർത്താവ് നമ്മെ ഓരോരു ത്തരെയും ശക്തീകരിക്കുകയും ബലപ്പെടുത്തു കയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടു കൂടി നിർത്തുന്നു .

*"ഏതു നേരത്തും പിശാച് ഇടർച്ച ചെയ്തിടും*
*ഭീതിവേണ്ട ദൂതരുണ്ട് കാത്തുകൊള്ളുവാൻ"*

◈

**"മകനേ, അപ്പന്റെ പ്രബോധനം കേൾക്ക,**
**അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുതു"**
**(സദൃശവാക്യങ്ങൾ 1:8)**

# കൊട്ടാരത്തിൽ നിന്നു മരുഭൂമിയിലേക്ക്



**അന്നമ്മ സി. ജോൺ**

ഫറവോന്റെ അടിമത്തനത്തിൽ കിടന്നു നട്ടം തിരിഞ്ഞ സ്വന്തജനത്തെ സ്വതന്ത്രരാക്കി വാഗ്ദത്തനാട്ടിലെത്തിക്കുവാൻ ഏറ്റവും അനുയോജ്യനായ വ്യക്തിയായി ദൈവം കണ്ടത് മോശെയെയാണ്. മോശെ ലോകത്തിലുള്ള സകല മനുഷ്യരിലും വച്ച് സൗമ്യനും വിശ്വസ്തനും ആയിരുന്നു. മരുഭൂമിയിലെ പാഠശാലയിൽ നാല്പതു വർഷം ആടിനെ മേയിച്ച് ഇടയശുശ്രൂഷ അഭ്യസിച്ചത് അടിമത്തനത്തിൽ നിന്നും വിമോചിതരായ ലക്ഷോപലക്ഷം പ്രവാസികൾക്കു നേതൃത്ത്വം നല്കുവാൻ ഉപയുക്തമായി. അടുത്ത നാല്പതു വർഷം അനുസരണംകെട്ടവരും മത്സരികളുമായ ജനതതിയെ മരുഭൂമിയിലൂടെ വാഗ്ദത്തനാട്ടിലേക്കു നയിച്ചു.

ഇസ്രയേൽമക്കൾ മത്സരികൾ ആയിരുന്നു. ദൈവത്തിനു നാല്പതു വർഷം അവരോടു നീരസം തോന്നി. അവർ മരുഭൂമിയിൽ അലഞ്ഞുനടന്നു. ഇസ്രയേൽ ജനതയെ മിസ്രയീമിൽ നാനൂറു സംവത്സരത്തെ ഫറവോന്റെ അടിമത്തനത്തിൽ നിന്നും വിടുവിക്കുമെന്ന ദൈവിക വാഗ്ദത്തം മോശെയിലൂടെ നിറവേറ്റി അവരെ വാഗ്ദത്തനാട്ടിലെത്തിച്ചു. അവർക്കു ഭക്ഷിപ്പാൻ ഇറച്ചി ഉൾപ്പെടെയുള്ള ആഹാരം സമൃദ്ധിയായി നല്കി. അവരുടെ വസ്ത്രങ്ങൾ പഴകിയില്ല. ചെരുപ്പ് ജീർണ്ണിച്ചതും ഇല്ല. അവരുടെ അനുസരണക്കേടും മത്സരവും കാരണം മിസ്രയീമിൽ നിന്നു തിരിച്ചവരിൽ കേവലം രണ്ടുപേർ മാത്രമേ വാഗ്ദത്തഭൂമിയിൽ എത്തിച്ചേർന്നുള്ളു. ആ രണ്ടുപേർ ആയിരുന്നു യോശുവയും കാലേബും. അവരോടൊപ്പം വാഗ്ദത്തനാട്ടിൽ പ്രവേശിച്ചവരാകട്ടെ, നാല്പതുവർഷത്തെ മരുഭൂപ്രയാണവേളയിൽ ജനിച്ചവർ ആയിരുന്നു. മത്സരികളായ ഇസ്രയേൽ മക്കളുടെ നടുവിൽ നടന്നാൽ ഞാൻ അവരെ കൊല്ലും എന്ന് ദൈവം പറഞ്ഞ് അവരെ മോശെയെ ഏല്പിച്ചു. മോശെയാകട്ടെ, ദൈവസന്നിധിയിൽ വീണു കിടന്ന് അവർക്കുവേണ്ടി കരഞ്ഞു (പുറപ്പാട് 32:12,14, 32-35). ഇസ്രയേൽ ജനത്തെ തള്ളിക്കളയരുതെന്നും തന്റെ പൂർവ്വപിതാക്കന്മാരോടുള്ള വാഗ്ദത്തം ഓർക്കണമേ എന്നും അവരുടെ പാപം ക്ഷമിക്കണമെന്നും മോശെ പ്രാർത്ഥിച്ചു. അവരോടുള്ള വാഗ്ദാനപ്രകാരം ദൈവം അവരെ വാഗ്ദത്തനാട്ടിലെത്തിച്ചു.

പകൽ വഴികാട്ടിയും തണലുമായി മേഘസ്തംഭവും രാത്രി വെളിച്ചവും ചൂടുമായി അഗ്നിസ്തംഭവും നല്കി ദൈവം അവരെ വഴിനടത്തി.

മരുഭൂമിയിലെ കൊടിയ ചൂടിനും കഠിനമായ തണുപ്പിനും മാത്രമല്ല, വഴിതെറ്റാതിരിക്കുവാനും ഇവ ഉപകരിച്ചു. ദൈവത്തിന്റെ സന്തതസാമീപ്യം അനുഭവിച്ച ജനത ദൈവത്തെ നേരിൽ കണ്ടതായി പറയുന്നില്ല. ഇന്നാകട്ടെ ദൈവം അടുത്തുവന്നിരുന്ന് കൂട്ടുകാർ തമ്മിൽ സംഭാഷിക്കുന്നതുപോലെ സംസാരിക്കാറുണ്ടെന്നും ദൈവത്തെ നഗ്നനേത്രങ്ങൾ കൊണ്ടു കണ്ടു എന്നും അവകാശപ്പെടുന്നവർ ഉണ്ട്. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല എന്നും ദൈവം ആത്മാവാണെന്നും അടിവരയിട്ടു വേദപുസ്തകം വ്യക്തമാക്കുമ്പോൾ ദൈവത്തെ നഗ്നനേതത്രങ്ങളാൽ ദേഹരൂപേണ കണ്ടെന്നും മറ്റുമുള്ള

പ്രസ്താവനകൾ ഏതു ആത്മാവാണു പറയുന്നതെന്നു ചിന്തിക്കേണ്ടതാണ്. ഇസ്രയേലിനെ ദൈവം നാല്പതു വർഷക്കാലം മരുഭൂമിയിൽകൂടി നടത്തി. ദൈവം അവരുടെ നടുവിൽ ഉണ്ടായിരുന്നു. അവർ ദൈവസാന്നിധ്യം സദാ അനുഭവിച്ചെങ്കിലും അവരാരും തന്നെ ആ ദൈവത്തെ നേരിൽ കാണുകയോ അവരോടു ദൈവം നേരിട്ടു സംസാരിക്കയോ ചെയ്തിട്ടില്ല. മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് അഗ്നിജ്വാലയിൽ ദൈവം മോശെയ്ക്കു പ്രത്യക്ഷനായി ദൈവശബ്ദം കേട്ട മോശെ ദൈവത്തെ നോക്കുവാൻ ഭയപ്പെട്ടു മുഖം മൂടി (പുറ. 3:6). അവിടുന്ന് അത്രയ്ക്കു ശോഭാപരിപൂർണ്ണനാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം മോശെ ഭയന്ന ദൈവത്തെ നാം നേരിൽ കാണുന്ന സുദിനം സമാഗതമാകുവാൻ പോകയാണ്.

ദൈവിക കലണ്ടറിൽ ഇനി സംഭവിപ്പാൻ പോകുന്ന സുപ്രധാന സംഭവമാണ്. "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വരുകയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും" (1 തെസ്സ. 4:16-17). പെന്തക്കൊസ്തുനാൾ മുതൽ കർത്താവിന്റെ മദ്ധ്യാകാശ പ്രത്യക്ഷതവരെയുള്ള എല്ലാ ദൈവമക്കളും യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവും ആയി സ്വീകരിച്ച ഏവരും കർത്താവിനോടൊപ്പം എടുക്കപ്പെടും.

മോശെ ഇസ്രയേലിനെ നയിച്ചത് വളരെ ശ്രമകരമായ ഒരു പ്രവൃത്തി ആയിരുന്നു. തന്റെ ജനത്തോടൊപ്പം താൻ വളരെ കഷ്ടം അനുഭവിച്ചു. പക്ഷേ ആ കഷ്ടം താൻ വലിയ ധനമായി എണ്ണിയെന്നാണ് തിരുവചനം പറയുന്നത്. ഇന്നു കർത്താവിന്റെ വേലയിൽ കഷ്ടം സഹിക്കാൻ തയ്യാറുള്ളവർ ചുരുക്കമാണ്. ആദായമാർഗ്ഗങ്ങൾ ഉപേക്ഷിച്ച് കർത്താവിനു വേണ്ടി കഷ്ടം സഹിക്കാൻ തയ്യാറുള്ളവർ എത്ര പേരുണ്ട്? ചിന്തിക്കുക.

മോശെയുടെ ജനനം മുതല്ക്കേ അവനെ നശിപ്പിക്കുവാൻ സാത്താൻ തന്ത്രങ്ങൾ മെനയുവാനും ആരംഭിച്ചു. എന്നാൽ, ദൈവത്തിന്റെ അഭിഷിക്തനെ ഉയർത്തുവാൻ തീരുമാനിച്ച ദൈവം അവനെ ആരുടെ കൈയിലും വിട്ടുകൊടുത്തില്ല. തന്നെ ഇല്ലാതാക്കാൻ ശ്രമിച്ച ഫറവേന്റെ പുത്രിയുടെ മകനായി, അഥവാ, ഫറവോന്റെ കൊച്ചുമകനായി വളർന്നുവരുവാൻ ദൈവം ഇടയാക്കി. തന്റെ ജനത്തെക്കുറിച്ചുള്ള ചിന്താഭാരം അവനെ വലിയവനാക്കി. മിസ്രയീമിന്റെ അടിമത്തനത്തിൽ നിന്നും വിമോചിതരായ ഒരു വലിയ ജനത്തിന്റെ (ഏതാണ്ട് ഇരുപതിനും മുപ്പതിനും ലക്ഷത്തിനിടയിൽ ജനസംഖ്യ) നായകനായി അവരെ മരുഭൂമിയിൽ കൂടി നയിക്കുന്ന മോശെ, ആ പ്രയാണവേളയിൽ എത്രയോ പ്രാവശ്യം അവർക്കുവേണ്ടി ദൈവസന്നിധിയിൽ കരയേണ്ടി വന്നത് ഓർക്കുക. ക്രിസ്തുവിനുവേണ്ടി നിന്ദ സഹിക്കുന്നത് സ്വമനസ്സാലെ തിരഞ്ഞെ ടുത്ത ഒരു മഹത്വ്യക്തിയായിരുന്നു മോശെ. ക്രിസ്തുവിനുവേണ്ടി നിന്ദ സഹിക്കുവാൻ നാം തയ്യാറോ? കൊട്ടാരത്തിലെ സുഖ സൗകര്യങ്ങൾ ഉപേക്ഷിച്ച് കർത്താവിന്റെ സാക്ഷിയായി മരുഭൂപ്രയാണം ചെയ്യുമോ?

മോശെ ഫറവോന്റെ കൊട്ടാരം വിട്ടു; കഷ്ടതകൾ തന്നെ പിന്തുടർന്നു. കൊട്ടാര ജീവിതവും മരുഭൂമി ജീവിതവും തമ്മിൽ യാതൊരു സാമ്യവുമില്ല. മരുഭൂമിവാസം കഷ്ടതനിറഞ്ഞ ജീവിതമാണ്. എന്നാൽ കൊട്ടാരത്തിലെ ജീവിതം തുലോം വ്യത്യസ്തമാണ്. പക്ഷേ ആ മരുഭൂമിജീവിതം മോശെയെ വലിയവനാക്കി. യേശുവിനുവേണ്ടി നിലത്തോളം താഴണം, എന്നാൽ മാത്രമേ ഉയർച്ച വരികയുള്ളൂ. കൊട്ടാരത്തിലെ സുഖസൗ

ശേഷം പേജ് 20-ൽ കാണുക

# ദാവീദിനു കിട്ടിയ പതിനായിരം

ജെസി ബെൻസെൻ, കൊച്ചി



യഹൂദന്മാരെ നശിപ്പിക്കേണ്ടതിന് ഹാമാൻ പതിനായിരം താലന്ത് വെള്ളി രാജാവിന്റെ ഭണ്ഡാരത്തിലേക്ക് കൊടുത്തയയ്ക്കാമെന്ന് പറഞ്ഞെങ്കിലും "രാജാവ് ഹാമാനോട്: ഞാൻ ആ വെള്ളിയെയും ആ ജാതിയെയും നിനക്കു ദാനം ചെയ്യുന്നു; ഇഷ്ടംപോലെ ചെയ്തുകൊൾക എന്നു പറഞ്ഞു" (എസ്ഥേ. 3:11). സുവിശേഷങ്ങളിലും പതിനായിരം താലന്ത് കടമ്പെട്ട ഒരുവനു യജമാനൻ ആ തുക ഇളെച്ചു കൊടുക്കുന്നതായി കാണുന്നുണ്ട് (മത്താ. 18:24). ഈ രണ്ടു ഭാഗങ്ങളിലും വലിയ തുകയായിട്ടാണ് പതിനായിരം താലന്ത് പരാമർശിക്കപ്പെട്ടിരിക്കുന്നതെങ്കിലും നിസ്സാരമായിട്ടെന്നവണ്ണമാണ് അത് കൈകാര്യം ചെയ്തിരിക്കുന്നതായി കാണുന്നത്.

എന്നാൽ ദാവീദിനു ലഭിച്ച പതിനായിരം വെള്ളിയോ പൊന്നോ ആയിരുന്നില്ല. ദാവീദ് ഫെലിസ്ത്യ മല്ലനായ ഗോല്യാത്തിനെ കൊന്ന് മടങ്ങിയെത്തിയപ്പോഴായിരുന്നു ആ പതിനായിരം അവനു ലഭിച്ചത്. 'അവർ ദാവീദിന് പതിനായിരം കൊടുത്തു എനിക്കു ആയിരം മാത്രമേ തന്നുള്ളൂ' എന്നു ശൗൽ രാജാവ് പറയുന്നതിലാണ് ആ പതിനായിരത്തിന്റെ വലുപ്പവും മഹത്ത്വവും നാം മനസ്സിലാക്കുന്നത് (1 ശമൂ. 18:8). സ്ത്രീകൾ വാദ്യഘോഷത്തോടെ ഗാനപ്രതിഗാനമായി പാടിയ ഈരടികളിലാണ് ആ പതിനായിരം ഉള്ളത്. 'ശൗൽ ആയിരത്തെ കൊന്നു, ദാവീദോ പതിനായിരത്തെ' എന്നായിരുന്നു അവർ പാടിയത്. അവർ ദാവീദിനു കൊടുത്തതായി ശൗൽ രാജാവ് പരാതിപ്പെട്ട ആ പതിനായിരം ഒരു പ്രശംസാഗാനത്തിലെ സംഖ്യ മാത്രമായിരുന്നു.

എന്നാൽ അത് അത്ര നിസ്സാരമായി തള്ളിക്കളയുവാൻ ശൗലിനു കഴിഞ്ഞില്ല. ആ പതിനായിരം നിമിത്തം താൻ അപമാനിക്കപ്പെട്ടതായിട്ടാണ് രാജാവിന് തോന്നിയത്. അത് നിമിത്തം ദാവീദിന് തന്നെക്കാൾ അധികം മഹത്ത്വം ലഭിച്ചതായും ശൗലിനു തോന്നി. പാടിയ സ്ത്രീകളെ ഒന്നും ശൗൽ ശിക്ഷിച്ചില്ല എങ്കിലും ആ ഈരടികൾ നിമിത്തം ശൗൽ രാജാവിന് ദാവീദിനോട് കണ്ണുകടി തുടങ്ങി. അങ്ങനെ ആ പതിനായിരവും അത് പാടിയ സ്ത്രീകളും ദാവീദും ശൗലുമായുള്ള ശത്രുത ആരംഭിക്കുന്നതിന് കാരണമായി.

അവർ ദാവീദിന് പതിനായിരം കൊടുത്തു. എനിക്കു ആയിരമേ തന്നുള്ളൂ എന്ന് ഒരു ചെറിയ കുട്ടിയാണ് പറഞ്ഞിരുന്നതെങ്കിൽ അത് ന്യായീകരിക്കാമായിരുന്നു. എന്നാൽ യിസ്രായേലിന്റെ രാജാവായ ശൗലാണ്, സ്ത്രീകൾ സന്ദർഭവശാൽ പാടിയ ഈരടികളുടെ പേരിൽ തനിക്കു കിട്ടിയ പ്രശംസയുടെ ഘനം കുറഞ്ഞതിന്റെയും ദാവീദിനു അധികം കിട്ടിയതിന്റെയും പേരിൽ അസൂയപ്പെട്ടത്. പണമോ പ്രതാപമോ കുറഞ്ഞുപോയെന്നല്ല, പ്രശംസാഗാനത്തിലെ സംഖ്യയുടെ വലുപ്പം കുറഞ്ഞതായിരുന്നു പ്രശ്നമായിത്തീർന്നത്. നിസ്സാരമായി അവഗണിക്കേണ്ടിയിരുന്ന വാക്കുകളുടെ പേരിൽ ദാവീദിനോട് അസൂയപ്പെടുകയും അത് അവനോടുള്ള ശത്രുതയ്ക്കു കാരണമായിത്തീരുകയും ചെയ്തത് സങ്കടകരം തന്നെയാണ്.

നിസ്സാരമായ സംഗതികളെ അത് അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയാതിരിക്കുന്നത് ഭയാനകമായ സ്ഥിതിവിശേ

ഷത്തിലേക്ക് കൊണ്ടെത്തിക്കുമെന്നതിന് ഉദാഹരണം കൂടെയാണ് ശൗലിന്റെ ജീവിതത്തിൽ കാണുന്നത്. പടിപടിയായി ആ അസൂയ, ഭയമായും ആശങ്കയായും വെറുപ്പായും ഒക്കെ വളർന്ന് ദാവീദ് ശൗലിന്റെ നിത്യശത്രുവായിത്തീരത്തക്കവണ്ണം ആ നിസ്സാര വാക്കുകൾ പർവ്വത സമാനമായിത്തീർന്നു.

നമ്മെ സംബന്ധിച്ചും അവഗണിക്കേണ്ടത് അവഗണിക്കുവാനും തള്ളിക്കളയേണ്ടത് തള്ളിക്കളയുവാനും നിസ്സാരമായ വാക്കുകൾക്കു അമിത പ്രാധാന്യം നല്കുവാൻ ഇടവരാതെ വിവേകത്തോടിരിപ്പാനും കഴിയുന്നില്ലെങ്കിൽ അത് ഭവനത്തിലും സഭയിലും സമൂഹത്തിലുമൊക്കെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നത് ഓർത്തിരിക്കേണ്ടതാണ്. ശൂശൻ രാജധാനിയിൽ ഹാമാൻ വാഗ്ദത്തം ചെയ്ത പതിനായിരം താലന്ത് വെള്ളിക്ക് രാജാവ് യാതൊരു പ്രാധാന്യവും നല്കിയില്ല. രാജാവ് അത് ഹാമാനു തന്നെ മടക്കിക്കൊടുത്തു. ഹാമാന്റെ പക്കൽ നിന്നും അത് സ്വീകരിക്കുന്നത് രാജാവിന്റെ പദവിക്കു ചേരുന്ന പ്രവൃത്തിയായിരുന്നില്ല. പതിനായിരം താലന്ത് കടപ്പെട്ടവന് അത് ഇളെച്ചു കൊടുത്ത യജമാനന്റെ കരുണയും പക്വതയും ശ്രേഷ്ഠതയും ഉന്നത നിലവാരമുള്ളതായിരുന്നു. എന്നാൽ യിസ്രായേലിന്റെ രാജാവിന് പുകഴ്ചയിലെ പതിനായിരം പോലും ഏറെ വിലപ്പെട്ടതും വിശേഷപ്പെട്ടതുമായിരുന്നു. അപക്വമായ ഇത്തരം പ്രതികരണങ്ങൾ രാജത്വത്തിനു തന്നെ കളങ്കം ചാർത്തുന്നതാണ്.

രാജകീയപുരോഹിത വർഗ്ഗമെന്ന നിലയിൽ ആത്മീയ പക്വതയോടും വിവേകത്തോടും പരിജ്ഞാനത്തോടും കൂടെ ജീവിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവരാണ് നാം. സ്വർഗ്ഗീയ പൗരന്മാരെന്ന നിലയിലും നിലവാരത്തിലും നമ്മുടെ നിലപാടുകൾ പക്വതയുള്ളതായിരിപ്പാൻ നാം കരുതലുള്ളവരായിരിക്കാം. ദൈവം കൃപ നല്കട്ടെ. ◈

# അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്
## (Annamma Charles John Writers Award)

**ക്രൈ**സ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാലേഖകർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക എന്ന് നേരത്തെ അറിയിച്ചിരുന്നുവല്ലോ. തദനുസൃതമായി കഴിഞ്ഞ ഒരു വർഷം ഞങ്ങൾക്കു ലഭിച്ച ലേഖനങ്ങളിൽ സമ്മാനാർഹമായവയുടെ രചയിതാക്കളുടെ പേരുകൾ താഴെ ചേർക്കുന്നു.

**Distinguished Writer's Award - 2022:** Rs. 10,000 cash prize and a plaque.

**Mrs. Thankamma Sam, Trivandrum**

**Runner up Award** (ചീഫ് എഡിറ്ററുടെ പ്രോത്സാഹന സമ്മാനം): Rs. 5000 cash prize and a plaque.

**Mrs. Saramma Sasi, Kaviyoor**

ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരുന്നു അവാർഡു ലഭിക്കുവാൻ അർഹരായ ലേഖനകർത്രികളെ തിരഞ്ഞെടുത്തത്.

ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ ഇനിയും ധാരാളമായി ക്രൈസ്തവകൈരളിക്കു ദൈവം പ്രദാനം ചെയ്യട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**പത്രാധിപർ**

# ദൈവത്തിന്റെ വടിയായിത്തീർന്ന മോശെയുടെ വടി

**തങ്കമ്മ സാം, തിരുവനന്തപുരം**



*യിസ്രായേൽ മക്കളെ മിസ്രയീം അടിമത്തത്തിൽ നിന്നും വീണ്ടെടുത്ത്, പാലും തേനും ഒഴുകുന്ന കനാൻ ദേശത്തു എത്തിപ്പാൻ ദൈവത്താൽ തിരഞ്ഞെടുത്ത മോശെ - ദൈവത്തിന്റെ വടിയായിത്തീർന്നു.*

മോശെയുടെ വടി. പുറ. 2:1-10;4:2, 17, 20.

കർത്താവ് തന്റെ മക്കളെ പല ദൗത്യങ്ങളും ഏല്പിക്കാറുണ്ട്. അതിനായി നമ്മുടെ കൈയിലുള്ളത് എന്തു തന്നെയായാലും അതു കർത്താവിനെ ഏല്പിക്കണം. അതോ മോശെയെപ്പോലെ നാമും ഒഴിവുകഴിവു പറയുകയാണോ? നമ്മുടെ കൈയിലുള്ളത് വെറും നിസ്സാരമെന്നു കരുതി കർത്താവിനെ ഏല്പിക്കുവാൻ മടിക്കരുത് കർത്താവ് നമ്മുടെ കൈയിലുള്ളതു മാത്രമേ ചോദിക്കൂ. ഒരു താലന്തെങ്കിലും കൊടുക്കാതെ ഒരു ദൈവപൈതലിനെയും വിട്ടിട്ടില്ല. തന്റെ ഹിതപ്രകാരം തിരുനാമമഹത്ത്വത്തിനായി ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന നാഥൻ! അതിനായി നമ്മെ നിയോഗിക്കുമ്പോൾ ഒഴിഞ്ഞുമാറാതെ, സന്തോഷത്തോടെ നമ്മുടെ കൈയിലുള്ളത് എത്ര നിസ്സാരമെന്നു നമുക്കു തോന്നിയാലും അതു സന്തോഷത്തോടെ സമ്പൂർണ്ണമായി നമ്മുടെ കർത്താവിനെ ഏല്പിക്കാം. അപ്പോഴാണ്, ആടിനെ മേയ്പാനുള്ള മോശെയുടെ വടി, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിപ്പാനായി, ദൈവത്തിന്റെ വടിയായി മാറുന്നത് പുറ 4:2, 17,20. നമ്മെ ഏല്പിക്കാത്തതോ നമ്മുടെ കൈയിൽ ഇല്ലാത്തതോ, ഒന്നും കർത്താവു ചോദിക്കുകയില്ല. ലഭിച്ചതു മറച്ചുവയ്ക്കുകയോ, ഒരു താലന്തു ലഭിച്ച ദാസനെപ്പോലെ ഉറുമാലിൽ കെട്ടി കുഴിച്ചിടുകയോ ചെയ്യാൻ പാടില്ല മത്താ. 25:14-30. നമ്മുടെ യജമാനൻ മടങ്ങിവരും. ഓരോരുത്തരോടും ലഭിച്ചതിനനുസരിച്ച് കണക്കു ചോദിക്കും. We are accountable to our Lord, മറക്കരുത്. എത്ര നിസ്സാരമെന്നു നാം കരുതുന്നതും നമ്മുടെ കർത്താവിനെ ഏല്പിക്കാം. അല്പം കൊണ്ടും അധികം കൊണ്ടും പ്രവർത്തിപ്പാൻ നമ്മുടെ കർത്താവിനും കഴിയും. ഒരു ചെറിയ ബാലകന്റെ കൈയിലെ 5 അപ്പവും 2 മീനും കർത്താവിനെ ഏല്പിച്ചപ്പോൾ 10,000 ത്തോളം പേരെ പോഷിപ്പിക്കുകയും ശേഷിച്ച കഷണം 12 കൊട്ട നിറച്ചെടുക്കുകയും ചെയ്തു. വാഴ്ത്തി അനുഗ്രഹിച്ചതു കർത്താവാണ് മത്താ. 14:13-21. അനുഗ്രഹം കർത്താവിൽ നിന്നുമാണ് വരേണ്ടത്. നമ്മുടെ പ്രയത്നം കർത്താവിനെ കൂടാതെ വ്യർത്ഥം. അല്ലാതെ, ദുഷ്ട ദാസന്റെ വിധിപോലെ, വിതയ്ക്കാത്തതു കൊയ്യുകയും വിതറാത്തതു ശേഖരിക്കുകയും ചെയ്യുന്ന കഠിന മനുഷ്യനാണ് യജമാനനെന്ന് പ്രസ്താവിക്കുകയാണോ? ആ ദുഷ്ടദാസനു ലഭിച്ച പ്രതിഫലം എത്ര കഠിനം!! നമ്മുടെ കർത്താവ് നല്ല നാഥൻ, കർത്താധികർത്താവ്, മഹാനും അത്യുന്നതനും രാജാധിരാജാവും, മഹാദയാലുവും, സ്നേഹസമ്പന്നനുമാണ് എന്ന സത്യം നാം മറന്നുപോകരുത്. അതേ സമയം താഴ്മയുള്ളവനെ കടാക്ഷിക്കുന്നവനുമാണ്.

മോശെയും മോശെയുടെ വടിയുമാണല്ലോ നമ്മുടെ പ്രതിപാദ്യവിഷയം. മോശെയെക്കുറിച്ച് അല്പം ചിന്തിക്കാം. യോസേഫിനെ അറിയാത്ത ഒരു രാജാവ് മിസ്രയീമിൽ ഭരണം തുടങ്ങി പുറ. 1:8. യിസ്രായേൽ

ജനം വർദ്ധിച്ചു വർദ്ധിച്ചു വന്നു. രാജാവിനും കൂട്ടർക്കും പരിഭ്രമമായി. അവരെ അടിമവേല കൊണ്ടു കാഠിന്യം കാട്ടി കഷ്ടത്തിലാക്കി 1:9, 11–14. ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ ഗർഭദ്വാരത്തിൽ വച്ചു തന്നെ കൊന്നുകളയുവാൻ സൂതികർമ്മിണികളായ ശിപ്രാ, പൂവാ എന്നിവർക്കു രാജകല്പന ലഭിച്ചു. എന്നാൽ അവർ രാജാവിനെക്കാൾ ദൈവത്തെ ഭയപ്പെട്ടു, ദൈവകല്പന അനുസരിച്ചു രാജാവിന്റെ കല്പന നിരസിച്ചു. അതിനാൽ കുടുംബവർദ്ധനയും അനുഗ്രഹങ്ങളും നല്കി ദൈവം അവരെ മാനിച്ചു. ആ സമയത്ത് ലേവ്യനായ അമ്രാമിന് യോഖെബേദിൽ ജനിച്ച കുഞ്ഞിനെ അവർ മൂന്നുമാസം ഒളിപ്പിച്ചു വളർത്തി. ശിശു ദിവ്യ സുന്ദരനായിരുന്നു പുറ 2:1–3; അപ്പൊ. പ്രവൃ.3:20. പിന്നീട് ഞാങ്ങണപ്പെട്ടകം ഉണ്ടാക്കി കീൽ തേച്ച് ശിശുവിനെ അതിൽ കിടത്തി നദിയിൽ ഇട്ടു. നദിയിൽ കുളിക്കുവാൻ വന്ന ഫറവോന്റെ പുത്രി കുഞ്ഞിനെ എടുത്തു തന്റെ മകനായി വളർത്തുവാൻ തീരുമാനിച്ചു. ശിശുവിനു എന്തുഭവിക്കുമെന്നു നോക്കിക്കാണുവാൻ മറവിൽ കാത്തുനിന്ന സഹോദരി മിറിയാം കുട്ടിക്കു മുല കൊടുത്തു വളർത്തുവാൻ ഒരു യിസ്രായേൽ സ്ത്രീയെ കൊണ്ടുവരട്ടെ എന്നു ചോദിച്ചു. രാജകുമാരിയുടെ സമ്മതം വാങ്ങി സ്വന്തം മാതാവിനെത്തന്നെ വിളിച്ചു കൊണ്ടു വന്നു. അവൾ പൈതലിനെ അവളെ ഏല്പിച്ചു. ദൈവം ഒരുക്കുന്ന അത്ഭുതവഴി!!! പുറ. 2:1–10. മുലകുടിമാറി പൈതൽ വളർന്നപ്പോൾ തിരികെ കൊട്ടാരത്തിൽ ഏല്പിച്ചു. ഫറവോന്റെ മകൾ അവനു മാതാവായി; മോശെ എന്നു പേരിട്ടു 40 വർഷം കൊട്ടാരത്തിൽ ഒരു രാജകുമാരനായി, അടുത്ത അനന്തരാവകാശിയായി, സകല അഭ്യാസങ്ങളും അഭ്യസിച്ച് ഒരു ധീരയോദ്ധാവായി വളർന്നു. എന്നാൽ അമ്മിഞ്ഞപ്പാലിനോടൊപ്പം അമ്മയിൽ നിന്നും പകർന്നു കിട്ടിയ അറിവിൽ യിസ്രായേൽ ജനം തന്റെ സ്വന്തമാണെന്നും താൻ ഒരു യഹൂദനാണെന്നും ഉള്ളിന്റെ ഉള്ളിൽ രൂഢമൂലമായി ഗ്രഹിച്ചു. കൊട്ടാരത്തിൽ നിന്നും ലോകജ്ഞാനം ലഭിച്ചു എങ്കിലും സ്വന്തമാതാവിൽ നിന്നും തന്നെയാണ് ആത്മീയജ്ഞാനം ലഭിക്കുന്നത്.

വിശ്വാസത്താൽ വളർന്ന മോശെ വിശ്വാസത്താലുള്ള ഉറച്ചു നില്പും തീരുമാനവും തന്റെ ജീവിതാന്ത്യം വരെ പാലിക്കുവാൻ ശക്തനായി. 'വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നത് തിരഞ്ഞെടുത്തു എബ്രാ. 11:24–27. അതുകൊണ്ട് ഭയപ്പെടാതെ മിസ്രയീം വിട്ടുപോരുന്നു, തന്റെ ജനത്തെയും കൂട്ടിക്കൊണ്ട്, ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായ മോശെ ആഴമേറിയ വിശ്വാസത്തിന്റെ ഉടമയായി സംഖ്യ. 12:3 ദൈവം അഭിമുഖമായി സംസാരിച്ച മോശെ പുറ. 33:11, ദൈവം അഭിമുഖമായി അറിഞ്ഞ പ്രവാചകൻ ആവ. 34:12. ഇങ്ങനെ എത്ര എത്ര ഗുണവിശേഷങ്ങൾ!! കൊട്ടാരത്തിലെ 40 വർഷം കഴിഞ്ഞു മിദ്യാനിലെ മരുഭൂമിയിൽ യിത്രോവിന്റെ ആടുകളെ മേയ്ച്ച് 40 വർഷം; അപ്പോൾ ദൈവം വലിയ ഒരു ദൗത്യവുമായി മുൾപടപ്പിൽ, തീയുടെ നടുവിൽ നിന്നു വിളിക്കുകയാണ് മോശെ, മോശെ പുറ. 3:1–10. മിദ്യാനിലെ പരിശീലനകാലം 40 വർഷം ആത്മജ്ഞാനത്താൽ നിറയപ്പെട്ട കാലം.

ഈ മോശെയെയാണ് തന്റെ ജനത്തെ മിസ്രയീമിലെ അടിമത്തത്തിൽ നിന്നും വിടുവിച്ച് വാഗ്ദത്ത ദേശമായ കനാൻ ദേശത്തേക്കു കൊണ്ടുപോകുവാനുള്ള വലിയ ദൗത്യം ദൈവം ഏല്പിച്ചത്. ജീവിതത്തിലെ മൂന്നാമത്തെ 40 വർഷം. ഒടുവിലത്തെ 40 വർഷം അതിഭാരമേറിയതായിരുന്നു. മിദ്യാനിലെ പരിശീലനകാലവും കൊട്ടാരത്തിലെ അഭ്യാസവും തന്നെ അതിനു പ്രാപ്തനാക്കിത്തീർത്തു. ഇടയനായിരിക്കെ ബലഹീനരെ താങ്ങുവാൻ, വലിയ ശ്രദ്ധയോടെ കൂട്ടത്തെ പരിപാലിച്ചു, അവർക്കു ആഹാരം, പാർപ്പിടം, വെള്ളം ഇവ തേടിപ്പിടിച്ചു കൊടുത്തു പോഷിപ്പിച്ചു. അതോടൊപ്പം തന്നെ തന്റെ നീണ്ട

ഏകാന്തതയിൽ ദൈവവുമായി അടുത്ത ബന്ധം പുലർത്തുവാനും പഞ്ചഗ്രന്ഥങ്ങൾ രചിക്കുവാനും പ്രാർത്ഥനയിൽ ജാഗരിക്കുവാനും എല്ലാം ധാരാളം സമയം ലഭിച്ചു. തന്റെ പിതാക്കന്മാരുടെ ദൈവവുമായുള്ള സഹവാസം ദൈവത്തിന്റെ നിയോഗം സാദ്ധ്യമാക്കുവാൻ സഹായിച്ചു പുറ. 2:23.

ദൈവം തന്റെ മക്കളെ ദൗത്യം ഏല്പിക്കുമ്പോൾ അഭിപ്രായം ചോദിക്കുകയല്ല, നിശ്ചയിച്ചുറച്ചകാര്യം ഭരമേല്പിക്കുകയാണ്. ഞാൻ നിന്നെ ഫറവോന്റെ മുമ്പാകെ അയയ്ക്കും പുറ. 3:7-14. 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു', അവനെ ഉറപ്പിച്ചു. 'നിന്റെ കൈയിലിരിക്കുന്നത് എന്ത്?' പുറ. 4:2 ആടിനെ മേയ്പാനുള്ള വടിയെന്ന് മോശെ വളരെ നിസ്സാരമായിട്ടാണ് പറഞ്ഞത്. അടയാളങ്ങൾ പ്രവർത്തിപ്പാൻ എടുത്തുകൊള്ളുവാൻ പറഞ്ഞ ആ വടി 4:17. പിന്നീട് ദൈവത്തിന്റെ വടി ആയി 4:20. പ്രിയ ദൈവമക്കളേ, ദൈവം നമ്മോട് ഇത്ര മാത്രമേ ചോദിക്കുന്നുള്ളൂ. നമുക്കുള്ളത്, നമുക്കു തന്നിരിക്കുന്നത് ദൈവകരങ്ങളിൽ ഏല്പിക്കുക; കൂടാതെ നമ്മെത്തന്നെ സമ്പൂർണ്ണമായി താഴ്ത്തി ഏല്പിക്കുക. ദൈവം തന്റെ പദ്ധതി പ്രകാരം നമ്മെക്കൊണ്ട് കാര്യങ്ങൾ ചെയ്യിക്കുവാൻ ശക്തനും അത്ഭുതവാനുമാണ്. നാമും നമുക്കുള്ളതും ദൈവത്തിനുള്ളതായിത്തീരുകയും തന്റെ ഹിതപ്രകാരം ദൈവനാമമഹത്ത്വത്തിനായി നമ്മെ ഉപയോഗപ്പെടുത്തുകയും ചെയ്യും അവൻ അത്ഭുതവാൻ; അവന്റെ കൈ ഒരുനാളും കുറുതായിപ്പോയിട്ടില്ല. എത്ര എത്ര ഉദാഹരണങ്ങളാണ് ദൈവവചനത്തിൽ ഉടനീളം ഉള്ളത്. രണ്ടു കാശു മാത്രം കൈയിലുണ്ടായിരുന്ന വിധവ, മർക്കൊ. 12:42, സാരെഫാത്തിലെ വിധവ 1 രാജാ 17:12-24. എലീശായോടു സഹായം അഭ്യർത്ഥിക്കുന്ന പ്രവാചകശിഷ്യന്റെ ഭാര്യ ഒരു ഭരണി എണ്ണയും 2 രാജാ. 4:1-7. അഞ്ചു അപ്പവും രണ്ടുമീനും മാത്രം കൈയിലുണ്ടായിരുന്ന ബാലകൻ യോഹ. 6:9.

നമ്മിലുള്ളതല്ല നമ്മെത്തന്നെ കർത്താവിനായി സമർപ്പിച്ച്, കർത്താവിന്റെ കരങ്ങളിൽ ഇണങ്ങിയ ആയുധമായി സമ്പൂർണ്ണമായി സമർപ്പിച്ചുകൊടുക്കാം. അവിശ്വാസികളാകാതെ ഉറച്ച വിശ്വാസികളായി നമുക്ക് മുന്നേറാം. 'അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ' എന്നു പറയാം. കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലിലേക്കു നമുക്കിറങ്ങാം. അവൻ കൂടെയുണ്ട്. ഭയപ്പെടേണ്ടാ നമ്മെ തനിച്ചു വിടുകയില്ല, വാഗ്ദത്തം ചെയ്തവൻ, വാക്കുമാറാത്തവനാണ്. ചില കാലാ പെറുക്കുവാനായി നമുക്കും നിയോഗമുണ്ട്. മതി, ഒരു ആത്മാവിനെ നേടുവാൻ കഴിഞ്ഞാൽ സർവ്വലോകത്തെക്കാളും വലിയ നിക്ഷേപം, വിലയേറിയത് സ്വർഗ്ഗത്തിൽ നിത്യതയിലേക്കുനേടാം. നല്ല ദാസനേ എന്ന വിളിക്കു യോഗ്യനാകാം. അല്പത്തിൽ വിശ്വസ്തനായി, ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും എന്ന വാക്കു കേട്ടു പുളകിതരാകാം. അതുകൊണ്ട്, ഉണരാം, എഴുന്നേല്ക്കാം പണിയാം. ARISE എഫെ. 5:14-17 ഉറങ്ങുന്നവർ മരിച്ചവരുടെ- ഇടയിൽ അഥവാ മരിച്ച അവസ്ഥയിലാണ്. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഹിതം ഇന്നതെന്നു തിരിച്ചറിഞ്ഞു അവനുവേണ്ടി വേല ചെയ്യാം. നാം കണക്കു ബോധിപ്പിക്കേണ്ടവരാണ് എന്ന ഉത്തമ ബോദ്ധ്യത്തോടെ, സുബോധമുള്ളവരായി കർത്താവിന്റെ നിത്യരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കാം. നിത്യരാജ്യത്തിനായി നിലനില്ക്കുന്ന ഫലം കൊയ്തെടുക്കാം. സർവ്വശക്തനും വലിയവനുമായി വീണ്ടും വരുന്നവനായ കർത്താവിന്റെ വലിയ നാമത്തിനു മഹത്ത്വം. ആമേൻ... ◈

**"അവ നിന്റെ ശിരസ്സിന്നു അലങ്കാരമാലയും നിന്റെ കഴുത്തിന്നു സരപ്പളിയും ആയിരിക്കും" (സദൃശ. 1:9)**

# സ്നേഹമാണഖിലസാരമൂഴിയിൽ

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



**ഈ** അദ്ധ്യായം എഴുതുന്നത് വാഷിംഗ്ടണിൽ ഇരുന്നുകൊണ്ടാണ്. ബ്രിട്ടനും അർജന്റീനയും തമ്മിൽ പൊരിഞ്ഞ യുദ്ധം നടക്കുകയാണ്. തെക്കെ അമേരിക്കയുടെ പാദത്തോടു ചേർന്നു കിടക്കുന്നതും അധികം മനുഷ്യവാസമില്ലാത്തതുമായ ഫോക്ലാൻഡ് ദ്വീപിനുവേണ്ടി അങ്ങകലെ 8000 മൈലപ്പുറത്തുനിന്നും ബ്രിട്ടൻ പടക്കോപ്പും പടയാളികളെയും അയച്ചിരിക്കുകയാണ്. യുദ്ധക്കപ്പലുകളും വിമാനങ്ങളും സൈന്യവും എല്ലാം രംഗത്തുണ്ട്. 'പെണ്ണൊരുമ്പെട്ടാൽ' എന്ന ചൊല്ല് ഓർത്തുപോകും മാർഗരറ്റ് താച്ചർ എന്ന ബ്രിട്ടീഷ് വനിതാ പ്രധാനമന്ത്രിയുടെ നന്മയും നിശ്ചയ ദാർഢ്യവും കാണുമ്പോൾ. യുദ്ധത്തിൽ വിജയം ബ്രിട്ടനുണ്ടായി. എങ്കിലും കനത്ത സാമ്പത്തികഭാരം ഏല്പിച്ചിട്ടുണ്ട്. കൂനിന്മേൽ കുരു പോലെയായിരിക്കും ബ്രിട്ടന് ഈ ആഘാതം. ദിവസം 4 പ്രാവശ്യമെങ്കിലും ടെലിവിഷനിൽ യുദ്ധത്തിന്റെ ദൃശ്യങ്ങൾ കാണിക്കുന്നുണ്ട്.

ടെലിവിഷൻ സ്ക്രീനിൽ എന്നെ ഏറ്റവുമധികം സ്പർശിച്ച ഒരു രംഗമുണ്ട്. ഫോക്ലാൻഡിൽ നിന്നും ഒരു ബ്രിട്ടീഷ് കപ്പൽ ഇംഗ്ലണ്ടിലെ സതാംപ്ടൺ തുറമുഖത്തിലേക്ക് അടുക്കുന്നുണ്ടായിരുന്നു. കപ്പൽ തുറമുഖത്തേക്ക് വരുമ്പോൾ യാത്രക്കാരെല്ലാവരും ഡക്കിൽ നിന്നുകൊണ്ട് കൈലേസുകൾ വീശുന്നുണ്ടായിരുന്നു. ഒരു വലിയ ജനസമൂഹം അവരെ സ്വീകരിക്കുവാൻ രംഗത്തുണ്ടായിരുന്നു. അവരും തങ്ങളുടെ കൈലേസുകൾ വീശി സ്വാഗതം ചെയ്യുന്നത് കാണാമായിരുന്നു. ജയിച്ചുവരുന്നവർക്ക് അത്യുഗ്രൻ വരവേല്പ്. ചിലരെല്ലാം സന്തോഷത്തിന്റെ കണ്ണീരൊപ്പുന്നതു കാണാമായിരുന്നു. യാത്രക്കാരെല്ലാം കപ്പലിൽ നിന്നിറങ്ങി. ഹസ്തദാനം മാത്രമല്ല ആലിംഗനവും ചുംബനവുമെല്ലാം. ചിലർ പൊട്ടിക്കരയുന്നു. സമർത്ഥനായ ടി.വി. ക്യാമറക്കാരൻ അതെല്ലാം ഒറിജിനാലിറ്റി നഷ്ട്പ്പെടാതെ പകർത്തിയിരുന്നു. കപ്പലിൽ വന്നവരെയെല്ലാം സ്വീകരിക്കുവാൻ ഓരോരുത്തർ ഉണ്ടായിരുന്നു. തുറമുഖത്തു വന്നവർക്കെല്ലാം സ്വീകരിക്കുവാനും ഓരോരുത്തർ ഉണ്ടായിരുന്നു.

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

പെട്ടെന്ന് ക്യാമറ 3 വ്യക്തികളെ കേന്ദ്രീകരിച്ചു. 7 വയസ്സ് പ്രായം വരുന്ന മകനെയും 3 വയസ്സ് കഴിയാത്ത മകളെയും പിടിച്ചുകൊണ്ട് ഒരു മദ്ധ്യവയസ്കയായ സ്ത്രീ ഇടയ്ക്കിടെ കൈലേസുംകൊണ്ട് കണ്ണീരൊപ്പുന്നുണ്ട്. കുഞ്ഞുങ്ങൾ ഇരുവരും മ്ലാനവദനരാണ്. യുദ്ധക്കളത്തിൽ പെട്ടുപോയ ഒരു യോദ്ധാവിന്റെ ശേഷിക്കുന്ന കുടുംബമാണ്. പത്രക്കാരെല്ലാം അവളുടെ അടുത്തുവന്നു. ചോദ്യങ്ങളും ഉത്തരങ്ങളും. അവൾ എന്തിനാണ് ആ രംഗത്ത് വന്നത്? അവളുടെ മറുപടി ശ്രദ്ധേയമായിരുന്നു. "യുദ്ധത്തിൽ രാജ്യത്തിനുവേണ്ടി ജീവനെ പണയംവെച്ച് പൊരുതി ജയിച്ചുവരുന്ന തടവുകാരെ സ്വീകരിക്കുവാനും അനുമോദിക്കുവാനും" അവളുടെ ദേശീയ ഉത്ബുദ്ധത പ്രശംസാർഹമാണ്. "ഭർത്താവിന്റെ വരവിൽ സന്തോഷിക്കുന്ന ഭാര്യമാരെ കണ്ടു സന്തോഷിക്കുവാനും". അവളുടെ ഹൃദയവിശാലത എത്ര ശ്രേഷ്ഠം! പെട്ടെന്ന് ക്യാമറാമാൻ 3 വയസ്സുകാരിയെ ഫോക്കസ് ചെയ്ത് എന്തെങ്കിലും പറയുവാൻ പറഞ്ഞു. "I wish my Daddy

was in this group" (അപ്പൻ ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്ന് ഞാൻ ആശിക്കുകയാണ്). ഒരു വലിയ നിശബ്ദത അവിടെ ഉണ്ടായി. "Honey that was God's will" (ദൈവഹിതം അതായിരുന്നു മോളേ...) 7 വയസ്സുകാരന്റെ വാക്കുകൾ ആ മൂകതയ്ക്ക് വിരാമമിട്ടു.

ഒരു വലിയ വസ്തുത ചിന്തയിൽ ഉദിപ്പിക്കുവാനാണ് ഈ അദ്ധ്യായം വേർതിരിച്ചിരിക്കുന്നത്. നാണ്യവിളകളായ റബ്ബറും കുരുമുളകും സമൃദ്ധിയായുള്ള ഒരു മദ്ധ്യതിരുവിതാംകൂർ ഗ്രാമത്തിലേക്ക് ഞാൻ നിങ്ങളെ ക്ഷണിക്കട്ടെ. ഒരു ഇടത്തരം കുടുംബത്തിന്റെ നാഥനാണ് ഈയ്യോബ്. 'ഈയ്യോബേട്ടൻ' എന്ന് നാട്ടുകാർ വിളിക്കും. നമുക്കും അദ്ദേഹത്തെ അങ്ങനെ വിളിക്കാം. ഒരു കൊലക്കേസിൽ പ്രതിയായി ജീവപര്യന്തം ശിക്ഷ അനുഭവിക്കേണ്ടി വന്നയാളാണ്. കേസിൽ അറസ്റ്റ് ചെയ്തിട്ട് 13 വർഷത്തിനുശേഷമാണ് ശിക്ഷ കഴിഞ്ഞ് പുറത്ത് വരുന്നത്. അദ്ദേഹത്തെ തന്റെ വീട്ടിൽ കൊണ്ടു ചെന്നാക്കുവാനുള്ള മാന്യപദവി എനിക്കാണുണ്ടായത്. ഇതൊരു വൈഷമ്യമുള്ള ജോലിയാണ്. ജയിൽ ശിക്ഷ കഴിഞ്ഞ് ചിലർ അന്യസ്ഥലങ്ങളിലേക്ക് പോകാറുണ്ട്.

തികച്ചും വ്യത്യസ്തമായ ഒരു അന്തരീക്ഷത്തിലേക്കാണ് ഇയ്യോബേട്ടൻ വരുന്നത്. ഒരാഴ്ച മുമ്പ് ഞാനാ ഭവനത്തിൽ പോവുകയും കുടുംബാംഗങ്ങളുമായി ചില മണിക്കൂറുകൾ കഴിക്കുകയും ചെയ്തു. മനുഷ്യബന്ധങ്ങൾ എന്തുതന്നെ ആയാലും ഒരു തടവുകാരനെ സ്വീകരിക്കുവാനും അംഗീകരിക്കുവാനും കുടുംബങ്ങൾക്കും സമൂഹത്തിനും പ്രയാസമുണ്ട്. കൊലക്കേസിൽ പ്രതി ആയതിനാൽ തന്റെ കുടുംബാംഗങ്ങളോ സമൂഹത്തിലെ ആളുകളോ തന്നെ ജയിലിൽ സന്ദർശിച്ചിട്ടില്ല. വെറുപ്പും ശങ്കയും നിന്ദയുമാണ് ഉളവായിട്ടുള്ളത്. ഭർത്താവിന്റെ സ്നേഹവും സാന്നിദ്ധ്യവും സംരക്ഷണവും കരുതലും 12 വർഷമായി അനുഭവിക്കാത്ത ഭാര്യ. അപ്പന്റെ സ്നേഹവും ലാളനയും ശിക്ഷണവും ഉത്സാഹിപ്പിക്കലും പ്രബോധനവും 12 വർഷമായി ലഭിക്കാത്ത 4 മക്കൾ. ഭർത്താവ് കൂടെയില്ലാതെയും ജീവിക്കാൻ പഠിച്ച ഭാര്യ. അപ്പൻ കൂടെയില്ലാതെയും ജീവിക്കാമെന്നു പഠിച്ച മക്കൾ. അവരാണ് 13 വർഷത്തിനുശേഷം അദ്ദേഹത്തെ അംഗീകരിക്കേണ്ടത്. അവർക്കത് അത്ര എളുപ്പമല്ല. ആ ഭവനം സന്ദർശിച്ച എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത് ഇതാണ്. അദ്ദേഹം വീട്ടിലേക്ക് വരുന്നതിൽ ഒട്ടും ആവേശം അവർ കാണിച്ചില്ല. നീതീകരിക്കുവാൻ കഴിയുന്നതും കഴിയാത്തതുമായ കാര്യങ്ങൾ അവർക്കുണ്ടായിരുന്നു. ഇയ്യോബേട്ടനെ സ്വീകരിക്കുവാനും സ്നേഹിക്കുവാനുമുള്ള ഒരു ഹൃദയസ്ഥിതി സംജാതമാക്കുവാൻ ഞാൻ നന്നേ ശ്രമിച്ചു. പ്രാരംഭത്തിൽ പരാജയപ്പെട്ടു എങ്കിലും അവസാനം വിജയിച്ചു.

"കൊലക്കേസുമൂലം എല്ലാവരും വെറുക്കപ്പെട്ട അദ്ദേഹത്തെ സ്നേഹിക്കുവാൻ പക്ഷെ നിങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളൂ. അവിടെയും ഇവിടെയും സ്നേഹം ലഭിച്ചില്ല എങ്കിൽ അത് താങ്ങുവാൻ കെല്പില്ലാതെ മനസ്സിന്റെ സമനില തെറ്റി താൻ ഭ്രാന്തനായിത്തീർന്ന് ഈ ഗ്രാമത്തിലൂടെ നടക്കേണ്ടതായി വന്നാൽ നിങ്ങൾ എങ്ങനെ അതിനെ സഹിക്കും? ആരും തന്നെ കരുതുവാനില്ലാതെ ആഹാരത്തിനായി വീടുകൾ തോറും ഭിക്ഷ യാചിച്ച് നടക്കേണ്ടിവന്നാൽ അത് നിങ്ങൾ എങ്ങനെ കാണും? തന്റെ ജീവിതത്തിന്റെ കയ്പും നിരാശയും പങ്കുവയ്ക്കുവാൻ ആരെയും കാണാതെ മദ്യഷാപ്പിൽ താൻ അഭയം പ്രാപിച്ചാൽ അത് നിങ്ങളെ എന്തെങ്കിലും നിലയിൽ സന്തോഷിപ്പിക്കുമോ? നാല്പത്തിയേഴുകാരനായ ഇദ്ദേഹം ശിഷ്ടമുള്ള ജീവിതത്തിൽ നിരാശയും പകയും നിമിത്തം വേശ്യാലയങ്ങൾ തോറും നടക്കുന്നതായാൽ നിങ്ങൾക്കത് മാനമായിരിക്കുമോ? ചോദ്യങ്ങൾ ഭാര്യയെയും മക്കളെയും ചൊടിപ്പിച്ചു, അസ്വസ്ഥരാക്കി.

ആ സന്ദർഭത്തിൽ ഇയ്യോബേട്ടന്റെ മാനസാന്തരത്തിന്റെ കഥ ഞാൻ പറഞ്ഞു. അദ്ദേഹം ഇന്നൊരു പുതിയ സൃഷ്ടിയാണ്. കൊടുംപാപിയായി ജയിലിലേക്കുപോയി. യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപമോചനം പ്രാപിച്ച് വിശുദ്ധനും നീതികരിക്കപ്പെട്ടവനുമായിട്ടാണ് തിരികെ വരുന്നത്. സന്തോഷവും

സമാധാനവും ആശ്വാസവും നിങ്ങൾക്കും ക്രിസ്തുവിൽക്കൂടി അനുഭവിക്കുവാൻ കഴിയും.

ഇയ്യോബേട്ടൻ ഒരു പുതിയ അന്തരീക്ഷത്തിലേക്കാണ് വരുന്നത്. 13 വർഷം മുമ്പ് താൻ കണ്ട ഗ്രാമത്തിന്റെ മുഖഛായ അപ്പാടെ മാറിയിരിക്കുന്നു. ഒരു ചെറിയ പട്ടണം രൂപം കൊണ്ടു കഴിഞ്ഞിരിക്കുന്നു. ഇലക്ട്രിസിറ്റി വെളിച്ചം നാട്ടിൽ കൊണ്ടുവന്നിരിക്കുന്നു. വലിയ പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്ന ബസ്സുകൾ ഗ്രാമത്തിൽ എത്തുന്നു. നാട്ടിലെ സ്കൂളുയർത്തി ഹൈസ്ക്കൂളാക്കി. ഒരു ജൂണിയർ കോളജും വന്നു കഴിഞ്ഞു. പുതിയ ഇരുനിലക്കെട്ടിടങ്ങൾ, പോസ്റ്റോഫീസ്, ബാങ്ക് എല്ലാം തനിക്കത്ഭുതം ഉളവാക്കുന്നതായിരുന്നു. മാത്രമോ, താൻ അന്നുകണ്ട പല പിതാക്കന്മാരും മൺമറഞ്ഞിരിക്കുന്നു. അന്നത്തെ യുവാക്കൾ വാർദ്ധക്യത്തോടടുത്തിരിക്കുന്നു. അന്നത്തെ കുട്ടികൾ യൗവനത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. സ്വന്തം വീട്ടിൽ പെൺമക്കൾ രണ്ടുപേർ കല്യാണം കഴിച്ചു. ചുറ്റുപാടും വ്യക്തികളും വിഭിന്നം. ഇന്ന് ഇയ്യോബേട്ടനും കുടുംബവും സന്തുഷ്ടരാണ്. ദൈവത്തെ ആരാധിക്കുന്നു. "പല വൈഷമ്യങ്ങൾ ഉണ്ടാകുമെന്ന് ഞാൻ കരുതി. എല്ലാവരെയും സ്നേഹിക്കുവാൻ ഇന്നെനിക്കു കഴിയുന്നു. 1 കൊരി. പതിമൂന്നാം അദ്ധ്യായം പോലെ ജീവിക്കുവാൻ ഞാൻ ശ്രമിക്കുന്നു. ജയിലിലായാലും വെളിയിലായാലും ഏറ്റവും വലുതും ആവശ്യമുള്ളതും അതാണ് 'സ്നേഹം'. ◈

---

പേജ് 12 ന്റെ തുടർച്ച **(കൊട്ടാരത്തിൽ നിന്നു മരുഭൂമിയിലേക്ക്)**

കര്യങ്ങൾ അനുഭവിച്ച് തനിക്കു ജീവിക്കാമായിരുന്നു. എന്നാൽ സ്വന്തജനത്തോടുകൂടി കഷ്ടം അനുഭവിക്കുന്നതു താൻ തിരഞ്ഞെടുത്തു. ഭൗതിക സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് നമ്മുടെ സുരക്ഷാസ്ഥാനങ്ങളിൽ നിന്നും മരുഭൂമിയിലേക്കു പോകുവാൻ നാം സന്നദ്ധരോ?

കർത്താവു നല്കിയ അന്ത്യനിയോഗം നിവർത്തിക്കുവാൻ ഒരു പക്ഷേ മരുഭൂമിയിലേക്കാവാം കർത്താവു നമ്മെ വിളിക്കുന്നത്.

നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (മർക്കൊസ് 16:15). മോശെയെപ്പോലെ കർത്താവിന്റെ വയൽപ്രദേശത്തു കഷ്ടം സഹിക്കുവാൻ നാം സന്നദ്ധരോ? ◈

---

# അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ് 2023

## (Annamma Charles John Writers Award 2023)

ക്രൈസ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാലേഖകർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക. ക്രൈസതവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരിക്കും അവാർഡു ലഭിക്കേണ്ട ലേഖനകർത്രിയെ തിരഞ്ഞെടുക്കുക.

ഒരു പ്രശംസാ പത്രവും പതിനായിരം രൂപയുമാണ് അവാർഡ്. ഒരു 'റണ്ണർ അപ്' അവാർഡ്, പ്രശംസാ പത്രവും അയ്യായിരം രൂപയും പ്രോത്സാഹന സമ്മാനമായും നല്കുന്നതാണ്. ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡുകൾ ലക്ഷ്യമാക്കുന്നത്

**പത്രാധിപർ**

# പ്രശ്നസാദ്ധ്യതാ മേഖലകൾ

**ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ**



**സാമ്പത്തിക സാഹചര്യങ്ങളും കുടുംബജീവിതവും**

ജീവിതസന്ധാരണത്തിന് ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഉണ്ടായിരിക്കുക എന്നത് കുടുംബജീവിതത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ്. എത്രമാത്രം സമ്പത്ത് ഉണ്ടായിരിക്ക എന്നതിനെക്കാൾ, ഉള്ളതുകൊണ്ട് സംതൃപ്തിയോടെ ജീവിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുക എന്നതാണ് ദൈവം കുടുംബങ്ങളെക്കുറിച്ച് ഉദ്ദേശിച്ചിട്ടുള്ളത് (1 തിമൊഥെയോസ് 6:6-12). സമ്പത്ത് (വരവ്) ഇല്ലാത്തതിനാലോ കുറഞ്ഞുപോയതിലോ ഉള്ള അതൃപ്തിമൂലം പങ്കാളിക്കെതിരായി പിറുപിറുപ്പും പരാതിയും ഉണ്ടാക്കുകയും വഴക്കിലും വിദ്വേഷത്തിലും വെറുപ്പിലും കൂടി അത് വളർന്നു വലുതാകുകയും ചെയ്യുന്നത് സാധാരണമാണ്. ചിലയിടങ്ങളിൽ ഭാര്യയുടെയോ ഭർത്താവിന്റെയോ പിടിപ്പുകുറവും കഴിവില്ലായ്മയും മൂലം കുടുംബം സാമ്പത്തികദുരിതത്തിൽക്കൂടി കടന്നുപോകാറുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ പരസ്പരം കുറ്റപ്പെടുത്തുകയും പരിഹസിക്കുകയും വഴക്കുണ്ടാക്കുകയും ചെയ്യുന്ന അനേക കുടുംബങ്ങളുണ്ട്. ചിലയിടങ്ങളിൽ ഭാര്യയുടെ ഭവനത്തിൽ നിന്നുള്ള ധനം വേണ്ടതിൻവണ്ണം ലഭിച്ചില്ല എന്നതിന്റെ പേരിൽ ഭാര്യാഭർതൃകലഹങ്ങൾ സാധാരണമാണ്. ദമ്പതികൾ പ്രാർത്ഥനയോടും ഐക്യമത്യത്തോടും താഴ്മയോടും കൂടെ കൈകാര്യം ചെയ്താൽ ഇത്തരം പ്രശ്നങ്ങൾ കുടുംബഭദ്രതയെ ബാധിക്കാതെ സൂക്ഷിക്കാൻ സാധിക്കും.

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ “സന്തുഷ്ട ക്രിസ്തീയ കുടുംബം” എന്ന പുസ്തകത്തിൽ നിന്നും**

ആദിമനുഷ്യനും ഭാര്യയും കൂടി ദൈവം ഒരു പേരാണ് നല്കിയത് എന്നത് ചിന്തനീയമായ ഒരു വലിയ സത്യമാണ് (ഉൽപത്തി 5:2) ഭാര്യയ്ക്കു ഹവ്വാ എന്നു പേരിട്ടത് ആദാം ആയിരുന്നുവല്ലോ (ഉൽപത്തി 1:120). അതിനു മുമ്പ് അവരുടെ പേര് ആദാം എന്നായിരുന്നു. എന്താണിതിന്റെ അർത്ഥം? അവർ മേലാൽ രണ്ടല്ല, ഒന്നാണ് എന്ന് ദൈവം നിശ്ചയിച്ച് ഉറപ്പിച്ച് അവരെ സൃഷ്ടിച്ചു എന്നതിനാലാണത് ഭാര്യയും ഭർത്താവും മേലാൽ രണ്ടു വ്യക്തികളല്ല, അവർ ഒരു ദേഹവും ദേഹിയും ആണ് എന്നും അവർക്കുള്ളതെല്ലാം ഒന്നിച്ച് ആകുന്നു എന്നും അവരുടെ ലക്ഷ്യങ്ങൾ, ആഗ്രഹങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, മുൻഗണനകൾ തുടങ്ങിയവയെല്ലാം അവർക്കൊന്നിച്ചുള്ളതാണ് എന്നും ഇതിൽക്കൂടി ദൈവം അവരെ പഠിപ്പിക്കയായിരുന്നു. ഈ വലിയ പാഠം എല്ലാ ദമ്പതികൾക്കും ഇന്നും എന്നും ഏറ്റവും പ്രസക്തമാണു താനും.

ദമ്പതികളുടെ എല്ലാ സമ്പത്തും അവർക്കൊന്നിച്ച് ദൈവനാമ മഹത്ത്വത്തിനായി ഉപയോഗിക്കപ്പെടാനായി ദൈവം അവരെ ഒന്നിച്ച് ഏല്പിച്ചിരിക്കയാണ് എന്ന സത്യം ദൈവം ദമ്പതികളെ ഓർമ്മിപ്പിച്ച് ഉണർത്തുകയും ബോധ്യപ്പെടുത്തുകയും ചെയ്യുകയാണ്. അവരുടെ സമ്പത്തിന്റെ വിനിയോഗം അവർ ദൈവവചനപ്രകാരവും ദൈവാ

ത്മാവിന്റെ സഹായത്തോടെയും ഐക്യമത്യത്തോടെയും നടത്തുവാൻ ദമ്പതികളെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. അത് പരസ്പര വിശ്വാസത്തോടും ബഹുമാനത്തോടും കരുതലോടും പിന്തുണയോടും കൂടി നിർവ്വഹിക്കപ്പെടേണ്ടതാണ്. ഇല്ലാ എങ്കിൽ അവർക്കു പരസ്പരം ഉണ്ടാകേണ്ട വിശ്വാസവും ബഹുമാനവും ഇല്ലാതെയായിപ്പോകും. തന്മൂലം ഹൃദയങ്ങൾ അകലുവാനും അത് ക്രമേണ പരാതിയിലും പിറുപിറുപ്പിലും വാദപ്രതിവാദത്തിലും കലഹത്തിലും സമ്മർദ്ദത്തിലും നിറഞ്ഞ് സന്തോഷം നഷ്ടപ്പെട്ട അവസ്ഥയിലാക്കിത്തീർക്കും.

പല ക്രിസ്തീയ കുടുംബങ്ങളിലും പ്രശ്നങ്ങൾ ഉടലെടുക്കുന്നതിന്റെ ഒരു കാരണം ഒരു പങ്കാളി മറ്റെ പങ്കാളിയോടു ആലോചിക്കാതെയോ പങ്കാളി അറിയാതെയോ തന്റെ ബന്ധുക്കൾക്കോ മിത്രങ്ങൾക്കോ പണം കൊടുത്തു എന്ന് അറിയുമ്പോഴാണ്. പണത്തിന്റെ ചോർച്ച കണ്ടുപിടിക്കപ്പെടുമ്പോൾ അത് പങ്കാളിയിൽ അവഗണനാ ബോധവും സംശയവും നിരാശയും ഉളവാക്കും. ഇത് കലഹഹേതുവായിത്തീരുന്നു. തന്മൂലം ഹൃദയങ്ങൾ അകലുകയും ദമ്പതികളുടെ ഐക്യം നഷ്ടപ്പെടുകയും ക്രമേണ ഇത് അവരുടെ സ്നേഹത്തെയും ബന്ധത്തിലെ ഊഷ്മളതയെയും ബാധിക്കുകയും ചെയ്യുന്നു.

ഒരു പങ്കാളി മാത്രം ജോലി ചെയ്യുന്ന കുടുംബങ്ങളിൽ ചിലയിടത്ത് ജോലി ചെയ്യാത്ത പങ്കാളി പണം ധൂർത്തടിക്കുന്നതും തമ്മിൽ ആലോചിക്കാതെ ചെലവുകൾ ചെയ്യുന്നതും ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഈവ്വിധം പണം രഹസ്യമായി ചെലവഴിക്കപ്പെടുകയും ചോർച്ച അനുഭവിക്കുകയും ചെയ്യുന്നത് ജോലി ചെയ്യുന്ന പങ്കാളിയെ നിരാശയുടെ നടുചുഴിയിൽ നിപതിപ്പിക്കാറുണ്ട്. "ഞാൻ കഷ്ടപ്പെട്ടുണ്ടാക്കിയ പണം" എന്ന ചിന്തയും "എന്റേത്" എന്ന ചിന്തയും പ്രശ്നത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു. ഭാര്യമാരിലും ഭർത്താക്കന്മാരിലും ഇത്തരക്കാരെ നമുക്ക് കാണാൻ സാധിക്കും.

ദമ്പതികൾ തമ്മിൽ ക്രയവിക്രയ കാര്യങ്ങളിൽ രഹസ്യങ്ങൾ ഇല്ലാതിരിക്കയും പൂർണ സത്യസന്ധത പുലർത്തുകയും അന്യോന്യം ആലോചനയോടെയും പ്രാർത്ഥനയോടുംകൂടി പണം കൈകാര്യം ചെയ്യുകയും എന്നതാണ് ക്രിസ്തീയ കുടുംബങ്ങളിൽ ഉണ്ടാകേണ്ടത്. അല്ലാത്ത പക്ഷം കടബാധ്യതകൾ ഉണ്ടാകുവാനും സാമ്പത്തിക തകർച്ച ഉണ്ടാകുവാനുമിടയാകും (റോമ. 13:8). അതേ സമയം ദമ്പതികൾക്കു രണ്ടു പേർക്കും സ്വയമായും സന്തോഷമായും ചെലവാക്കാനുള്ളതും വിശ്വാസ്യതയിൽ അടിസ്ഥാനപ്പെട്ടതുമായ സ്വാതന്ത്ര്യം ഉണ്ടായിരിക്ക എന്നതും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. എന്നാൽ അത് സ്വാർത്ഥതയ്ക്കും ധൂർത്തിനും ഇടയാകാതിരിക്കാൻ ശ്രദ്ധിക്കയും വേണം. അല്ലാത്തപക്ഷം അത് കുടുംബഭദ്രതയെ ഗൗരവമായി ബാധിക്കും.

തങ്ങളുടെ പണവും സമ്പത്തും എല്ലാം ദമ്പതികൾ രണ്ടുപേർക്കും കൂടി ഒന്നിച്ചു ഉപയോഗപ്രദവും സ്വാതന്ത്ര്യവും അവകാശവും ആയിത്തീരുക എന്നുള്ളതാണ് സന്തോഷകരമായ കുടുംബജീവിതത്തിന്റെ അനുഗ്രഹകരമായ അനുഭവം. അതിൽ സ്വയത്തിനോ സ്വാർത്ഥതയ്ക്കോ സ്ഥാനം ഏതുമുണ്ടായിരിക്കാൻ ദൈവവചനം നമ്മെ അനുവദിക്കുന്നില്ല. ഈ സത്യം പ്രായോഗികമാക്കാനുള്ള ആത്മീയപരിജ്ഞാനവും പക്വതയും ദമ്പതികൾക്കുണ്ടായിരിക്കണം. എങ്കിൽ മാത്രമേ വിശ്വാസത്തിലടിസ്ഥാനമായ സാമ്പത്തികഭദ്രതയും സന്തോഷവും സംതൃപ്തിയും കുടുംബത്തിൽ ഉണ്ടാകുകയുള്ളൂ. ദമ്പതികൾ രഹസ്യമായും സ്വാർത്ഥമായും ക്രയവിക്രയങ്ങൾ നടത്താതിരിക്കാൻ സൂക്ഷിക്കുകയും ശ്രദ്ധിക്കുകയും വേണം. എല്ലാ വരവു ചെലവുകളും ആത്മീയ കാഴ്ചപ്പാടിൽകൂടെയും ക്രിസ്തീയ ശിഷ്യത്വത്തിന്റെ അടിസ്ഥാനത്തിലും ആകുക എന്നത് ദമ്പതികളുടെ ലക്ഷ്യം ആയിരിക്കേണം. ഏതെങ്കിലും വരവുചെലവ് കാര്യത്തിൽ ദമ്പതികൾ

തമ്മിൽ അഭിപ്രായഐക്യം ഉണ്ടാകുന്നില്ല എങ്കിൽ അതിൽ തീരുമാനമെടുക്കാൻ പ്രാർത്ഥനയോടെ കാത്തിരിപ്പാൻ ഉത്സാഹിച്ചാൽ പല കുടുംബപ്രശ്നങ്ങളും ഒഴിവാക്കാനും തമ്മിലുള്ള ഹൃദ്യത നഷ്ടപ്പെടാതെ സൂക്ഷിക്കാനും സാധിക്കും (1 പത്രൊസ് 3:7-9).

ദമ്പതികൾ രണ്ടുപേർക്കും സ്വതന്ത്രമായ വരുമാനം ഉണ്ടാകുമ്പോൾ അതു ക്രിസ്തുവിന് സമർപ്പിക്കപ്പെട്ടതായി കരുതി ഒരേ ലക്ഷ്യപ്രാപ്തിക്കായി ഉപയോഗിക്കപ്പെടുന്നില്ല എങ്കിൽ കുടുംബത്തിൽ ഭിന്നതയ്ക്കും കലഹത്തിനും ഇടയാക്കും. വരുമാനം തങ്ങളുടെ സ്വന്തമെന്നും അത് ചെലവാക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും തങ്ങൾക്കുമാത്രമാണ് എന്നും മറ്റേ വ്യക്തിക്ക് അത് അറിയുകയോ ചോദിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം ഇല്ല എന്നും ചിന്തിക്കുന്ന പലരും ഉണ്ട്. ഇതു കുടുംബത്തിലെ ഐക്യത്തെയും സ്നേഹത്തെയും തകർത്തുകളയുന്ന മനോഭാവമാണ്. "നാം ഒന്ന്, നമുക്കുള്ളതെല്ലാം ഒന്നിച്ചു, നമുക്കു രണ്ടുപേർക്കും ദൈവഹിതാനുസരണം" എന്ന മനോഭാവമാണ് ദമ്പതികൾക്ക് ഉണ്ടാകേണ്ടത് (സദൃശവാക്യങ്ങൾ 31:11-12;28-31).

സ്വതന്ത്ര വരുമാനമുള്ളവർ തെറ്റായ മനോഭാവത്തിനടിമകളായാൽ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യചിന്ത ഉണ്ടാകുകയും തന്മൂലം അകൽച്ചയും പിരിച്ചിലും വിവാഹമോചനം വരെയും പോകുവാനുള്ള പ്രവണത ഉണ്ടാകുകയും ചെയ്യുന്നുണ്ട്. തങ്ങൾക്കും മക്കൾക്കും തനിയെ ജീവിക്കാനുള്ള വരുമാനം തങ്ങൾക്കുണ്ട് എന്ന ചിന്തയാണ് പലപ്പോഴും ഇതിനുകാരണം. മാനസികവും ശാരീരികവുമായ പീഡനങ്ങൾ ഇങ്ങനെയൊക്കെ ചിന്തിക്കാൻ പങ്കാളികളെ നിർബ്ബന്ധിതരാക്കുന്ന സാഹചര്യവും ഇല്ലാതില്ല എന്നും ഓർത്തിരിക്കണം. ധനശേഷിയുള്ള ചില മാതാപിതാക്കൾ എങ്കിലും തങ്ങളുടെ പുത്രിമാരെ ഹേമിച്ച് ഭർത്താക്കന്മാരിൽ നിന്നും വിടുവിച്ചും സ്വതന്ത്രരാക്കിയും പിരിച്ചിലിന് വഴിവച്ചു കൊടുക്കുകയും ചെയ്യുന്ന സംഭവങ്ങളും അങ്ങിങ്ങായി കാണുന്നുണ്ട്. എന്നാൽ പ്രാർത്ഥനയോടെ മക്കൾക്ക് ഈ കാര്യങ്ങളിലെല്ലാം സദുപദേശം കൊടുത്ത് ദാമ്പത്യജീവിതത്തിൽ ഇണങ്ങിയും സഹിച്ചും വഹിച്ചു ക്രമീകരിച്ചും മുന്നോട്ടുപോകുവാൻ വേണ്ട സഹായം ചെയ്തു കൊടുക്കുവാനാണ് മാതാപിതാക്കൾ ബദ്ധശ്രദ്ധരാകേണ്ടത്.

തങ്ങളുടേതിൽ നിന്നും വിഭിന്നവും ഗുണമേന്മ കുറഞ്ഞതുമായ സാഹചര്യങ്ങളിൽ എത്തിച്ചേരുന്ന മക്കൾ ആ സാഹചര്യങ്ങളോടു ആത്മികമായും മാനസികമായും ഇണങ്ങിയും പൊരുത്തപ്പെട്ടും പ്രാർത്ഥനയോടെ മുന്നോട്ടു പോകുവാൻ മാതാപിതാക്കൾ പ്രോത്സാഹിപ്പിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

സാമ്പത്തിക കാര്യങ്ങളിലുള്ള അഭിപ്രായവ്യത്യാസങ്ങളെയും ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെയും പ്രാർത്ഥനയോടെയും താഴ്മയോടെയും സമാധാനബന്ധത്തിൽ കാപ്പാൻ ദമ്പതികളും മാതാപിതാക്കളും ദൈവാത്മാവിനാൽ നടത്തപ്പെടട്ടെ. അതിനായി ശ്രദ്ധയോടെ പ്രാർത്ഥിക്കാനും ദൈവിക പരിജ്ഞാനത്തിൽ ഇടപെടുവാനും എല്ലാ ദമ്പതികൾക്കും ദൈവം ഇടയാക്കുമാറാകട്ടെ (സദൃശവാക്യങ്ങൾ 9:1, 14:1). ◈

**"നീയല്ലാതെ ഒരു ദൈവം തന്നേ കാത്തിരിക്കുന്നവന്നുവേണ്ടി പ്രവർത്തിക്കുന്നതു പണ്ടുമുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല".**

**(യെശയ്യാ 64:4)**

# ശൂനേംകാരത്തിയും ശൂലമിയും

**ജോർജ് ജോൺ, തിരുവനന്തപുരം**



യിസ്രായേൽ രാജാക്കന്മാരിൽ ഒരുവനും കുപ്രസിദ്ധനുമായിരുന്ന ആഹാബിന്റെ പ്രധാന വിശ്രമ സങ്കേതമായിരുന്ന അരമന സ്ഥിതി ചെയ്തിരുന്ന സ്ഥലമാണ് യിസ്രേൽ (Jezreel) എന്ന പട്ടണം. യിസ്രേലിന് അഞ്ചു കിലോമീറ്റർ വടക്ക് ഗിൽബോവാ പർവ്വതത്തിന്റെ പ്രാന്തപ്രദേശത്തുണ്ടായിരുന്ന ഒരു ഗ്രാമമാണ് ശൂനേം എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ധാരാളം വയലുകളും കൃഷിസ്ഥലങ്ങളും നിറഞ്ഞിരുന്ന ഈ സ്ഥലം ഒരു ജനവാസകേന്ദ്രം കൂടെയായിരുന്നു. യിസ്രായേൽ രാജാവായിരുന്ന ശൗലും ഫെലിസ്ത്യരുമായി ഗിൽബോവാ പർവ്വതത്തിൽ വച്ച് നടത്തിയ അവസാന യുദ്ധത്തിൽ ഫെലിസ്ത്യ സൈന്യം പാളയമിറങ്ങിയിരുന്നത് ശൂനേമിലായിരുന്നു. ഇന്ന് ഈ സ്ഥലം സോലെം എന്ന പേരിലാണ് അറിയപ്പെടുന്നത്.

2 രാജാ. 4:8-36 വാക്യങ്ങളിൽ ധനികയായ ഒരു ശൂനേംകാരത്തിയെക്കുറിച്ച് നാം വായിക്കുന്നു. അവളുടെ പേര് തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അവൾ സൽസ്വഭാവിയും വിവേകമതിയുമായ ഒരു സ്ത്രീരത്നമായിരുന്നെന്ന് വായനക്കാർക്കു മനസ്സിലാക്കാൻ സാധിക്കും. അവൾ കാര്യങ്ങൾ മനസ്സിലാക്കാനും തദനുസരണം പ്രവർത്തിക്കാനും കഴിവുള്ളവളായിരുന്നു. സന്ദർഭവശാൽ ശമര്യയിൽ നിന്നും ശൂനേമിലേക്ക് ഇടയ്ക്കിടെ വന്നുപോയിക്കൊണ്ടിരുന്ന എലീശാ പ്രവാചകനെ ഒരു ദൈവപുരുഷൻ എന്ന് തിരിച്ചറിയാനുള്ള വിവേകവും ആ ദൈവപുരുഷനെ യഥായോഗ്യം സ്വീകരിക്കാനും സൽക്കരിക്കാനുമുള്ള ഔചിത്യവും അവൾ പ്രദർശിപ്പിക്കയുണ്ടായി. യാതൊരു പ്രതിഫലേച്ഛയും കൂടാതെയുള്ള അവളുടെ പ്രവൃത്തിക്ക് അവളുടെ ചിന്തകൾക്കും പ്രതീക്ഷകൾക്കും അപ്പുറമായ വിധത്തിലുള്ള പ്രതിഫലമാണ് ലഭിച്ചത്. ദൈവപുരുഷൻ ശൂനേമിലേക്ക് വന്നുപോകുമ്പോഴൊക്കെ തനിക്കു പ്രയോജകീഭവിക്കത്തക്ക ഒരു വിശ്രമസങ്കേതം ഒരുക്കുന്നതിനുള്ള ആലോചന അവൾക്കുണ്ടാവുകയും ഭർത്താവിനോട് പറഞ്ഞ് അവൾ അത് നിർവ്വഹിക്കുകയും ചെയ്യുന്നു. ദൈവപുരുഷൻ അത് പ്രയോജനപ്പെടുത്തിയതായും നാം വായിക്കുന്നു. അവളുടെ ഈദൃശ പ്രവർത്തനങ്ങളിൽ സന്തുഷ്ടനായ പ്രവാചകൻ അവൾക്ക് എന്തു പ്രതിഫലമാണു വേണ്ടതെന്നു ചോദിച്ചപ്പോൾ അവൾ പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. “ഞാൻ സ്വജനത്തിന്റെ മദ്ധ്യേ വസിക്കുന്നു”. പ്രത്യേകമായി യാതൊരു പ്രതിഫലവും അവൾ ആഗ്രഹിക്കുന്നില്ലെന്നാണ് അവൾ പറഞ്ഞതിന്റെ അർത്ഥം. എങ്കിലും അവളുടെ മനസ്സിലെ നീറുന്ന പ്രശ്നം എന്താണെന്നു വ്യക്തമായി മനസ്സിലാക്കിയ ദൈവപുരുഷൻ അവൾക്ക് ഒരു വാഗ്ദത്തം നല്കുകയും അവളുടെ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്തു.

ശൂനേംകാരത്തിയുടെ കഥ ഇവിടെ അവസാനിക്കുന്നില്ല. എങ്കിലും പ്രസക്തഭാഗങ്ങൾ നാം ചിന്തിച്ചുകഴിഞ്ഞു. 1 രാജാ. 1-ാം അദ്ധ്യായത്തിൽ നാം വേറൊരു ശൂനേംകാരത്തിയെ കാണുന്നു. അവളുടെ പേര് അബീശഗ് എന്നായിരുന്നു. യിസ്രായേലിൽ എല്ലായിടങ്ങളിലുമുള്ള സൗന്ദര്യവതികളായ യുവതികളിൽ നിന്നും ദാവീദ് രാജാവിനുവേണ്ടി തന്റെ

വാർദ്ധക്യകാലത്ത് തെരഞ്ഞെടുക്കപ്പെട്ട ഒരു സൗന്ദര്യധാമമായിരുന്നു അബീശഗ്. അവൾ അതിസുന്ദരിയായിരുന്നു എന്നുള്ളതല്ലാതെ മറ്റ് ഗുണഗണങ്ങൾ ഒന്നും പറഞ്ഞിട്ടില്ല. അവൾ ദാവീദ് രാജാവുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നെങ്കിലും രാജാവ് അവളെ പരിഗ്രഹിച്ചില്ല എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

രാജകുമാരന്മാരിൽ കുറഞ്ഞപക്ഷം രണ്ടു പേരെങ്കിലും അബീശഗിനെ സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ദാവീദ് രാജാവ് ജീവിച്ചിരുന്നപ്പോൾ അത് തികച്ചും അസാദ്ധ്യമായിരുന്നെന്നു വേണം കരുതാൻ. മൂത്ത പുത്രനും കിരീടാവകാശിയുമായിരുന്ന അദോനിയാവ്, ഊരിയാവിന്റെ ഭാര്യയായിരുന്നവളിൽ ജനിച്ച ഇഷ്ടപുത്രനായ ശലോമോൻ എന്നിവർ അബീശഗിനെ കാംക്ഷിച്ചിരുന്നു. എന്നാൽ രാജസ്ഥാനത്തോടുകൂടെ അബീശഗിന്റെ മേലുള്ള അവകാശവും ശലോമോനാണ് ലഭിച്ചത്. അബീശഗിനെ ആഗ്രഹിച്ചുവെന്ന കുറ്റത്തിന് അദോനിയാവിന്റെ മേലുണ്ടായിരുന്ന രാജദ്രോഹക്കുറ്റം സ്ഥിരീകരിക്കപ്പെടുകയും ശലോമോൻ രാജാവിന്റെ ആരാച്ചാരായിരുന്ന ബെനയാവിനാൽ അദോനിയാവ് നിഷ്ക്കരുണം വധിക്കപ്പെടുകയും ചെയ്തു.

ഇംഗ്ലീഷിൽ 'Song of Solomon' എന്നും മലയാളത്തിൽ ഉത്തമഗീതം എന്നും അറിയപ്പെടുന്ന ശലോമോന്റെ ഉത്തമഗീതത്തിൽ ഒരു പ്രിയനെക്കുറിച്ചും പ്രിയയെക്കുറിച്ചും വർണ്ണിക്കുന്നുണ്ട്. "ശൂലേംകാരത്തി" എന്നാണ് പ്രിയയെക്കുറിച്ച് അതിൽ പരാമർശിച്ചിരിക്കുന്നത് (ഉത്തമ 7:1). ഈ ശൂലേംകാരത്തി ശൂനേംകാരത്തിയായ അബീശഗ് ആയിരുന്നെന്നും ഇതിൽ പറഞ്ഞിരിക്കുന്ന പ്രിയൻ ശലോമോൻ രാജാവ് തന്നെയായിരുന്നെന്നും ഒരഭിപ്രായമുണ്ട്. ദാവീദിന്റെ നിര്യാണത്തിനുമുമ്പ് ശലോമോൻ അബീശഗിനെ പ്രണയിച്ചു നടന്ന ഒരു കാലമുണ്ടായിരുന്നെന്നും ഉത്തമഗീതം എന്ന പ്രേമഗീതം അക്കാലത്ത് എഴുതപ്പെട്ടതാണെന്നും അഭ്യൂഹമുണ്ട്. എന്നാൽ ഉത്തമഗീതം തികച്ചും ആത്മീയമായ അർത്ഥങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു വിശിഷ്ട ഖണ്ഡകാവ്യമാണെന്നും സ്വർഗ്ഗീയ കാന്തനും കാന്തയായ സഭയും തമ്മിലുള്ള അഭൗമിക പ്രേമമാണ് ഇതിലെ പ്രതിപാദ്യവിഷയം എന്നുമാണ് ഭൂരിപക്ഷം വേദപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. അല്ലായിരുന്നെങ്കിൽ അത് വിശുദ്ധവേദപുസ്തകത്തിൽ ഉൾപ്പെടുത്താനുള്ള സാദ്ധ്യതപോലും ഇല്ലായിരുന്നേനേം. മേല്പറഞ്ഞ രീതിയിൽ ചിന്തിക്കുമ്പോൾ ശൂനേംകാരത്തിയും ശൂലേംകാരത്തിയും ഒന്നല്ലെന്നും ഉത്തമഗീതത്തിലെ ശൂലേംകാരത്തി എന്ന പ്രിയ സാക്ഷാൽ ശൂലമി (ശൂലമിയാൾ) എന്ന സഭയാണെന്നും അതിലെ പ്രിയൻ ശാലേം നായകനായ സഭാകാന്തനാണെന്നും മനസ്സിലാക്കാം.

മേല്പറഞ്ഞ ആത്മിക ചിന്തകളാൽ പ്രചോദിതനായിട്ടായിരിക്കാമല്ലോ സുപ്രസിദ്ധ ക്രൈസ്തവ മഹാകവിയും വേദപണ്ഡിതനും ഉപദേഷ്ടാവുമായിരുന്ന കെ.വി സൈമൺസാർ "ശൂലമിയാൾ മമ മാതാവേ, ശാലേം നായകൻ നമ്മൾ പിതാവേ" എന്ന അതിവിശിഷ്ടഗാനം എഴുതിയത്. അദ്ദേഹം രചിച്ച "അംബയരുശലേം" എന്നു തുടങ്ങുന്ന ഗാനവും ഇതേ ആശയമാണ് പ്രസ്പഷ്ടമാക്കുന്നത്. പുതിയ നിയമസഭയെക്കുറിച്ചുള്ള ഈദൃശ വർണ്ണനകളിൽ വിശ്വാസികളായ നമ്മൾ ഉൾപ്പെടെ ലോകമെമ്പാടുമുള്ള ദൈവമക്കൾ എല്ലാവരും തന്നെ ഉൾപ്പെട്ടിരിക്കുന്നുവെന്നുള്ള മനോഹരമായ ചിന്തകളോടുകൂടെ ദൈവനാമമഹത്ത്വത്തിനായി നാം ഓരോരുത്തരും നമ്മെത്തന്നെ സമർപ്പിച്ചുകൊണ്ട് ജീവിക്കാം. ●

## QUEST– 86 ന്റെ ശരി ഉത്തരങ്ങൾ

| | | | |
|---|---|---|---|
| 1. ഏൽ-ബേഥേൽ | (ഉൽപ. 35:7) | 11. ശേഖേം പട്ടണത്തിൽ | (ഉൽപ. 33:18) |
| 2. അബീമേലെക്ക് | (ഉൽപ. 26:1) | 12. ഫറവോൻ തന്റെ ഭൃത്യന്മാരോട് | (ഉൽപ. 41:38) |
| 3. മിസ്രയീമിൽ | (ഉൽപ. 42:3) | 13. രൂബേൻ | (ഉൽപ. 46:8) |
| 4. അകമ്പടിനായകൻ | (ഉൽപ. 40:4) | 14. രണ്ട് | (ഉൽപ. 29:16) |
| 5. മക്പേല ഗുഹ | (ഉൽപ. 50:13) | 15. യാക്കോബിന് | (ഉൽപ. 32:30) |
| 6. താമാർ | (ഉൽപ. 38:6) | 16. ശേഖേം | (ഉൽപ. 34:2) |
| 7. രമെസേസ് | (ഉൽപ. 47:11) | 17. രൂബേൻ | (ഉൽപ. 37:22) |
| 8. പോത്തീഫർ | (ഉൽപ. 39:1) | 18. ലൂസ് | (ഉൽപ. 28:19) |
| 9. ദാൻ | (ഉൽപ. 30:6) | 19. ശിമെയോൻ, ലേവി | (ഉൽപ. 49:5) |
| 10. രെയൂവേൽ | (ഉൽപ. 36:4) | 20. ലാബാനോട് | (ഉൽപ. 31:24) |

ഈ ലക്കം Quest 87 –ലെ ചോദ്യങ്ങൾ പുറപ്പാട് 1 മുതൽ 20 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നാണ്.

Bible Quiz 87

1. യഹോവ മോശെയോട് ഞാൻ നിന്നെ ആർക്ക് ദൈവമാക്കിയിരിക്കുന്നു എന്നാണ് പറഞ്ഞത്?
2. ദൈവത്തിന് മോശെ മുഖാന്തരം ഫറവോനോട് പറയാനുണ്ടായിരുന്ന അരുളപ്പാട് എന്ത്?
3. യിസ്രായേൽ മക്കൾ ഫറവോനുവേണ്ടി നിർമ്മിച്ച സംഭാരനഗരങ്ങൾ ഏതെല്ലാം?
4. രഫീദീമിൽ വച്ച് അമാലേക്യരോട് യുദ്ധം ഉണ്ടായപ്പോൾ മോശെയുടെ കരങ്ങൾ താങ്ങിയത് ആരെല്ലാം?
5. "എന്റെ മുഖം കാണുന്ന നാളിൽ നീ മരിക്കും" ആര് ആരോട് പറഞ്ഞു?
6. അടിമവേല നിമിത്തം നെടുവീർപ്പിട്ട് നിലവിളിച്ചത് ആര്?
7. എങ്ങനെയാണ് യഹോവ ചെങ്കടലിനെവിഭാഗിച്ചത്?
8. യഹോവ ഇറങ്ങുകയാൽ അത് മുഴുവനും പുകകൊണ്ട് മൂടി. അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി വന്നു. ഏതിന്റെ?
9. യിസ്രായേൽ മക്കൾ എവിടെ നിന്നും എവിടേക്കാണ് യാത്ര പുറപ്പെട്ടത്?
10. മോശെയുടെ ഭാര്യയുടെ പേര് എന്ത്?
11. ദൈവം തന്റെ കല്പനപ്രമാണിക്കുന്നവർക്ക് എത്ര തലമുറവരെ ദയ കാണിക്കും?
12. 'ഞാനാകുന്നവൻ ഞാൻ ആകുന്നു' എന്ന് ആര് ആരോടു പറഞ്ഞു?
13. യിസ്രായേൽ എത്ര ദിവസത്തെ വഴി ദൂരംപോയി ദൈവത്തെ ആരാധിക്കണം എന്നാണ് ദൈവം കല്പിച്ചത്?
14. "ഞാൻ യഹോവയെ അറിയുകയില്ല" എന്ന് പറഞ്ഞ രാജാവ് ആര്?
15. "അർദ്ധരാത്രിയിൽ ഞാൻ മിസ്രയീമിന്റെ നടുവിൽക്കൂടി നടന്നുപോകും" ആരാണ്?
16. യഹോവ മോശെയോട് കല്പിച്ചതുപോലെ തലമുറകൾക്കുവേണ്ടി മന്ന എവിടെയാണ് സൂക്ഷിച്ചു വച്ചത്?
17. ലേവിയുടെ ആയുഷ്ക്കാലം എത്ര?
18. മിസ്രയീമിലേക്കുള്ള മടക്കയാത്രയിൽ മോശെയെ എതിരേറ്റത് ആര്?
19. ആഴ്ചയിൽ എത്ര ദിവസം മന്ന പെറുക്കുവാനാണ് ദൈവം യിസ്രായേൽ മക്കളോട് കല്പിച്ചത്?
20. യിസ്രായേൽ മക്കൾ മിസ്രയീമിൽ നിന്ന് പുറപ്പെട്ടത് എങ്ങനെയാണ്?

## പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 87-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2023 ഫെബ്രുവരി 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ : 9087144349**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695011, കേരളം**

**Published by George John, Good News, Akkulam Road, Trivandrum 695 011**
**Printed at Grace Printers, Muttada. Mob: 9447059891**